ദീപിക.



സംഗതിവിവരം.

—:o:—

	പേജ്
മംഗളം	97
പ്രാർത്ഥനാഗീതം	97
യേശുക്രിസ്തുവിന്റെ ലോക രക്ഷോപദേശം ...	97
സ്വർഗ്ഗാരോഹണം ...	101
നെപ്പോളിയൻ	102
ഹൃദയവിശാലത ...	106
പരലോകമോക്ഷയാത്ര ...	109
വ്യാകരണം ഭാഷയെ അനുസരിക്കണമോ? ...	110
മനുഷ്യനിരൂപണങ്ങൾ ...	112
ക്രിസ്തുവിന്റെ സത്യസഭ ...	115
കർമ്മായപാത്രിയർക്കീസും മേലൂസ്സിനൂശും	116
വിവിധവിഷയങ്ങൾ &c....	

THE CATHOLIC MISSION PRESS
KOTTAYAM

VOL. 3) May (No. 5.

WIELE & KLEIN

ം ഒന്നാംഭാഗമല്ലെന്നു

കത്തോലിക്കമിഷ്യൻഡിപ്പോ

വില്പാനുള്ള പുസ്തകങ്ങൾ.

വേദോപദേശം മൂന്നും രണ്ടും മൂന്നും ഭാഗങ്ങൾ ഒരുമിച്ചുള്ളതിനു	ചക്രം	൭
ഗൃഹപ്രദീപിക	,,	൫
ബാലരക്ഷ	,,	൫
ശുദ്ധീകരണസ്ഥലത്തിലെ ആത്മാവുകൾക്കു വേണ്ടിയുള്ള ഉപചിയുടെ ഒരു ധിരപ്രവൃത്തി	,,	൨
ജ്ഞാനകീർത്തനങ്ങൾ	,,	ൽ൫
ക്ലോഡിയസ്—ഒരു നവീന പ്രഹസനം	ചക്രം	൫
കത്തോലിക്കമെത്രാന്മാരുടെ സ്ഥാനാഭിഷേകക്രമം	ണ.	൨
മലയാളനിഘണ്ടു	രൂപാ	൪
ചെങ്ങഴമാഹാത്മ്യം	ചക്രം	൫
കുടുംബപ്രതിഷ്ഠ	,,	൨
വിശുദ്ധ മർഗരീത്താ മറിയത്തിന്റെ ജീവചരിത്രം	,,	൭

സുറിയാനിക്രിസ്ത്യാനികളുടെപുരാതനപാട്ടുകൾ.

ശ്രേയസ്സുള്ളതായ അനേകം ചരിത്രരേഖകൾ അടങ്ങിയിരിക്കുന്ന ഈ പുസ്തകത്തിന്റെ വില ഒരു രൂപയിൽ നിന്നു അര രൂപയാക്കി കുറച്ചിരിക്കുന്നു.

സെൻറ് ആൻറണിയുടെ വണക്കമാസം.

വില അണ 8.



അത്ഭുതപ്രവർത്തകനെന്നു പ്രസിദ്ധനായ വിശുദ്ധ അന്തോനീസിനോടുള്ള ഭക്തി നമ്മുടെ നാട്ടിലെന്നല്ല, ലോകം മുഴുവനും നിറഞ്ഞിരിക്കുന്ന ഇക്കാലത്തു ടി പുസ്തകത്തിന്റെ ആവശ്യം കത്തോലിക്കകുടുംബങ്ങൾക്കു ഒഴിച്ചുകൂടാത്തതുതന്നെയാണ്.

കമ്മീഷൻവിവരം.

12	പുസ്തകത്തിനു	1	പുസ്തകം
20	,,	2	,,
35	,,	4	,,
50	,,	6	,,

മെയ് 30-ാംനു-കു മേൽ 20-ൽ അധികം കൊടുക്കുന്നതല്ല.

മാനേജർ,
കത്തോലിക്കമിഷ്യൻഡിപ്പോ
കോട്ടയം.

Printed and Published by P. U. Lukas at the Catholic Mission Press, Kottayam.

കോട്ടയം മാസിക.

പുസ്തകം 3. 1922 മെയ് ലക്കം 5.

മംഗളം.

(പെരിങ്ങര പി. ഗോപാലപിള്ള).

നല്ലോരുത്തമബോധമിന്നു മലയാം നാട്ടിൽ പരത്തീടുവാ-
നല്ലോ നിന്റെ പരിശ്രമം നിരുപമം സന്മാസികോത്തംസമേ!
സല്ലോകാവലി നൽകിടുന്ന വിമലശ്ശിസ്സിന്റെ വാരം പ്രതി-
ക്കല്ലോ നിൻ ഗതി മേലി; ചീശപരനുദിപ്പിക്കും സദാ മംഗളം.

പ്രാർത്ഥനാഗീതം.

(മുകളയിൽ ജോസഫ് വാര്യർ.)

[ബാലികമാർ മാലികയാം എന്ന മട്ട്]

വിശ്വസിച്ചു ഭക്തിപൂർവ്വം ഭജിക്കുന്ന മനുജർക്കു
ശാശ്വതസൌഖ്യം കൊടുക്കും ദൈവമേ—തവ
വിശ്വരമ്യപാദപത്മം കൈതൊഴാം.
ലോകസൃഷ്ടി ചെയ്തു നിത്യം മോദമോടെ കാത്തുപോരും.
ലോകനാഥാ! സത്വരം നീ നൽകണേ—ദയാ
സാകമെന്നിലിന്നുമെന്നുമൊന്നുപോൽ.
പാപകൂപം തന്നിൽ വീണു താപമോടെ കേഴുന്നാതെ
രാപകലീ ദാസനാകുമെന്നിലായ്—പ്രീതി
പൂർവ്വമേകിടേണമേ നീ ഭാവുകം.

യേശുക്രിസ്തുവിന്റെ ലോകസന്ദേശം.

(കെ. ഇ. ജോബ് ബി. എ.)

സാക്ഷാൽ മഹാന്മാരെന്നു ഗണിക്കപ്പെട്ടുന്ന സകല മനുഷ്യർക്കും സർവ്വ പ്രധാനമായ ഏതാനും തത്വങ്ങളെ അഥവാ സന്ദേശങ്ങളെ ലോകത്തിനു പ്രദാനം ചെയ്യുവാനുണ്ട്. ഈ തത്വങ്ങൾ അഥവാ സന്ദേശങ്ങൾക്കു ലോകത്തിൽ സിദ്ധിക്കുന്ന പ്രാധാന്യം തൽസ്ഥാപകന്മാരുടെ ആത്മശക്തിയെ ആശ്രയിച്ചാണിരിക്കുന്നതു്. ലോകത്തിൽ പല മഹാന്മാർ ജീവിച്ചിട്ടുണ്ടു്. അവർക്കൊക്കെയും ലോകത്തോടു് ഓരോ തത്വശകലങ്ങൾ ഉപദേശിക്കാനും അവസരം കിട്ടിയിട്ടുണ്ടു്. പക്ഷേ ലോകരക്ഷകനായ സാക്ഷാൽ യേശുക്രിസ്തുവിന്റെ ഉപദേശങ്ങൾക്കു് ഈ ഇരുപതു നൂറ്റാണ്ടുകളിലായി സിദ്ധിച്ചുകൊണ്ടിരിക്കുന്ന പ്രാധാന്യമോർക്കുമ്പോൾ ഈ മഹാന്മാരൊരുത്തരും യേശുക്രിസ്തുവിനോടു താരതമ്യപ്പെടുത്തുമ്പോൾ മറ്റെല്ലാവരെയും ഒന്നാംതരക്കാരല്ലെന്നു

സ്ഥാനികളല്ലാത്ത വിദ്വാന്മാർ കൂടി സമ്മതിച്ചുകഴിഞ്ഞിരിക്കുന്നു. പരിഷ്കാര കേന്ദ്രങ്ങളായി ലോകത്തിൽ പരിശോഭിച്ചിരുന്നതും പരിശോഭിച്ചുകൊണ്ടിരിക്കുന്നതുമായ സകല ഭൂഭാഗങ്ങളും ആ അവസ്ഥയെ പ്രാപിച്ചിട്ടുള്ളതു് ക്രിസ്തുവിന്റെ ഉപദേശങ്ങളെ അനുസരിച്ചതിൽ പിന്നീടാണു്. ലോകം എപ്പോൾ അധഃപതിക്കുന്നുവോ അപ്പോൾ ക്രിസ്തുവിന്റെ ഉപദേശങ്ങൾ അവിടെ കുഷയിച്ചുപോകുന്നുവെന്ന മനസ്സിലാക്കേണ്ടതാണു്. ലോകാഭിവൃദ്ധിക്കു് ഇന്നു അത്യാവശ്യമുള്ളതും ആധുനികപരിഷ്ക്കാരത്തിന്റെ സൽഭാഗങ്ങളുടെ അടിസ്ഥാനവുമായ ക്രിസ്തീയഉപദേശങ്ങളെയാണു് ക്രിസ്തുവിന്റെ ലോകസന്ദേശം എന്ന പദത്താൽ ഞാൻ ഇവിടെ ഉദ്ദേശിക്കുന്നതു്.

പ്രസ്തുതസന്ദേശം സർവ്വപ്രകാരേണയും ലോകചരിത്രത്തിൽ ഗണ്യമായ പല പരിവർത്തനങ്ങളേയും വരുത്തിയിട്ടുണ്ടായതായി നമുക്കു ബോദ്ധ്യപ്പെട്ടുന്നതാണു്. ആദ്യമായിത്തന്നെ ക്രിസ്തുവിന്റെ ജനനസമയത്തു ലോകത്തിനു വെളിപ്പെടുത്തപ്പെട്ട ദിവ്യസന്ദേശത്തെ തന്നെ നമുക്കു പരിശോധിച്ചു നോക്കാം. റോമൻചക്രവർത്തിയായിരുന്ന അഗസ്റ്റസ് സീസറിന്റെ കാലത്തു ജനസംഖ്യ എടുക്കുന്നതിലേക്കു ബേത്ലഹേംനഗരത്തിൽ പ്രവേശിച്ച പരിശുദ്ധ കന്യക കേവലം ഒരു തൊഴുത്തിൽ ദിവ്യരക്ഷകനെ പ്രസവിച്ചു. അവസരത്തിൽ ആ നിത്യസുരണാർഹമായ രാത്രിയിൽ തദ്ദേശീയന്മാരായ ഏതാനും സാധു ആട്ടിടയന്മാർ തങ്ങളുടെ അജ്ഞങ്ങളെ തസ്കരന്മാരിൽനിന്നും രക്ഷിക്കുന്നതിലേക്കു് ഉണർന്നിരിക്കുകയായിരുന്നു. പെട്ടെന്നു അവരുടെ സന്നിധിയിൽ ഒരു ദൈവദൂതൻ പ്രത്യക്ഷനാകുകയും ഒരു ദിവ്യദീപ്തി അവരെ ആവരണം ചെയ്കയും ചെയ്തു. ഭയാത്ഭുതപരതന്ത്രരായ അജപാലകന്മാരോടു ദൈവദൂതൻ യേശുവിന്റെ ജനനവിവരമറിയിച്ചു. അപ്പോഴേക്കു് ഒരു സ്വർഗ്ഗീയസൈന്യം അവിടെ പ്രത്യക്ഷപ്പെടുകയും ക്രിസ്തുവിന്റെ അത്യുൽകൃഷ്ടമായ പ്രഥമസന്ദേശം അഥവാ തിരുമൊഴി ആ ദൈവദൂതന്മാർ തങ്ങളുടെ ഹൃദയസ്പർശകമായ ഗാനത്തോടുകൂടി ഭൂലോകത്തിൽ അവതരിപ്പിക്കുകയും ചെയ്തു. "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സുമനസ്സുകൾക്കു സമാധാനവും ഭവിക്കട്ടെ" എന്നായിരുന്നു ആ ദിവ്യഗീതത്തിന്റെ അക്ഷരാർത്ഥം. ഈ സന്ദേശം ഇരുപത്തൊന്നാറാണ്ടുകൾക്കു മുമ്പു എത്രത്തോളം നവീനവും പരിവർത്തകവുമായിരുന്നുവെന്നറിയണമെങ്കിൽ അക്കാലത്തെ ലോകചരിത്രത്തെ നാം വേണ്ടവണ്ണം ആരാഞ്ഞറിയേണ്ടതാണു്. ലോകത്തിന്റെ ഏതുഭാഗത്തു നോക്കിയാലും ജനസാമാന്യത്തിന്റെ ഇടയിൽ ഈ ശപരവിശ്വാസമില്ലായിരുന്നു. റോമാസാമ്രാജ്യത്തിലാകട്ടെ, പ്രാചീനപരിഷ്ക്കാരകേന്ദ്രമായ ഗ്രീസിലാകട്ടെ, നമ്മുടെ മാതൃഭൂമിയായ ഇന്ത്യയിലാകട്ടെ, ഏകദൈവമേയുള്ളുവെന്നുള്ള ബോധം ജനസാമാന്യത്തിന്റെ ഇടയിൽ ഇല്ലായിരുന്നു. ലോകത്തിൽ പ്രത്യക്ഷപ്പെട്ടിരുന്ന പ്രകൃതിയുടെ ഓരോ ശക്തികളേയും ദേവന്മാരായി സങ്കല്പിച്ചു് അവരെ പൂജിക്കുന്നതിലായിരുന്നു ക്രിസ്തുവിനു മുൻപത്തെ ലോകത്തിന്റെ ഉദ്യമം. ഓരോ ജാതിക്കാർക്കും ആരാധനവിഷയങ്ങളായി ഓരോ ദേവസമൂഹം ഉണ്ടായിരുന്നതായിട്ടാണു് ചരിത്രത്തിൽ കാണുന്നതു്. വാഗ്മീയപ്രതിബന്ധങ്ങളെ അടിച്ചുടച്ചു് സർവ്വജഗത്തിനും കൂടി ഒരു ദൈവമേയുള്ളുവെന്നും ആ ജഗദീശ്വരനെ സകല മനുഷ്യരുമെന്നല്ല സകല ചരാചരങ്ങളും അത്യുൽകൃഷ്ടമായ വിധത്തിൽ സ്തുതിക്കണമെന്നുമല്ലയോ ക്രിസ്തുവിന്റെ ജനനസമയം മുതൽ ഏതൽപര്യന്തം ലോകത്തിൽ പാടപ്പെട്ടുന്ന ടി സംഗീതത്തിന്റെ അർത്ഥം. ദൈവത്തിന്റെ 'സാർവ്വപിതൃത്വം' എന്ന ഈ നൂതനതത്വം എപ്പോൾ ഭൂലോകത്തിൽ അവതരിച്ചുവോ അന്നു 'സർവ്വസഹോദരത്വം' എന്ന വേറൊരു തത്വവും നമുക്കു ലഭ്യമായതായി വിചാരിക്കേണ്ടിയിരിക്കുന്നു. മനുഷ്യരെല്ലാം ഒരേകപിതാവിന്റെ മക്കളാണെങ്കിൽ പ്രസ്തുത അന്യോന്യം സഹോദരന്മാരുമാണെ

ന്നുള്ളതു സത്യം വിശദമാണല്ലൊ. ഈ തത്വം ലോകത്തിൽ പ്രത്യക്ഷപ്പെടുന്നതിനു മുമ്പിൽ ഒരുവൻ മറ്റൊരുവന്റെ ശത്രുവായിട്ടാണത്രെ ഗണിക്കപ്പെട്ടിരുന്നതു്. ഒരു ജാതിക്കാരൻ മറ്റൊരു ജാതിക്കാരന്റെ ശത്രു; ഒരു രാജ്യവാസി അന്യ രാജ്യവാസിയുടെ ശത്രു; ഒരു പൌരൻ അവന്റെ അയൽക്കാരന്റെ ശത്രു; എന്നിങ്ങനെയായിരുന്ന ക്രിസ്തുവിന്റെ സന്ദേശം ലോകത്തെ ഭരിക്കുന്നതിനു മുമ്പുണ്ടായിരുന്ന ലോകാഭിപ്രായം. പക്ഷേ ക്രിസ്തുവിന്റെ സദയിലാകട്ടെ വലിയവനെന്നും ചെറിയവനെന്നും ഗ്രീക്കുകാരനെന്നും മ്ലേച്ഛനെന്നും, യൂദനെന്നും ഇതരനെന്നും വേറുമുള്ള വ്യത്യാസമൊന്നുമില്ല, സകല മനുഷ്യരും ദൈവസുതന്മാരാണെന്നും അവരെല്ലാം ഇഹപരസമക്ഷം തുല്യന്മാരാണെന്നുമുള്ള ബോധം മനുഷ്യഹൃദയങ്ങളിൽ ആരോഹണം ചെയ്ത സമയം മുതൽ അടിമകളോടും സാധുക്കളോടുമുള്ള നിർദ്ദയപ്രവൃത്തികൾ അന്യായമാണെന്നുള്ള ധാരണയും പ്രബലപ്പെട്ടു. സകല ജനങ്ങൾക്കും രാജ്യഭരണവിഷയത്തിൽ അവകാശമുണ്ടായിരിക്കണമെന്നുള്ള പ്രജാപ്രഭുത്വനയം ഇന്നു പരിഷ്കൃതലോകത്തിലുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനശില ലോകത്തിൽ സ്ഥാപിച്ചിട്ടുള്ളതു് ലോകരക്ഷകനായ സാക്ഷാൽ യേശുക്രിസ്തുതന്നെയാണെന്നു ഇതുയും പ്രസ്താവിച്ചതിൽനിന്നു വിശദമായിക്കാണുമെന്നു വിശ്വസിക്കുന്നു.

ക്രിസ്തുവിന്റെ ലോകസന്ദേശത്തിന്റെ രണ്ടാംഭാഗമായി പ്രസ്താവിക്കാനുള്ളതു പഴയനിയമത്തിലെ കല്പനകളിൽനിന്നു ക്രിസ്തു വരുത്തിയിട്ടുള്ള ഏതാനും വ്യത്യാനങ്ങളാണു്. പഴയനിയമവും പുതിയനിയമം പോലെ തന്നെ ഈശ്വരപ്രേരിതമാണെന്നിരുന്നാലും ക്രിസ്തു പുതിയനിയമത്തിൽ ഏതാനും ചില നവീകരണങ്ങൾ വരുത്തുകയുണ്ടായി. യൂദന്മാരുടെ ഹൃദയചാപല്യങ്ങളേയും കാഠിന്യത്തേയും ലോകശൈശവദശയിലെ ആവശ്യങ്ങളെയും പൂരസ്കരിച്ചു് പഴയനിയമത്തിലെ ആചാരങ്ങൾക്കുണ്ടായിരുന്ന വിശേഷവിധികളെ ക്രിസ്തു തുടഞ്ഞു അവയുടെ സാമാന്യാർത്ഥികവളർച്ചയെ വരുത്തിക്കുടുക്കയാണു് ചെയ്തിട്ടുള്ളതു്. പഴയനിയമത്തിൽ ബഹുഭാര്യാത്വം അനുവദിച്ചിരുന്നു. പുതിയനിയമത്തിലാകട്ടെ ഇതു കർശനമായി വിരോധിക്കപ്പെട്ടിരിക്കുന്നു. എന്നുതന്നെയുമല്ല പാതിവ്രത്യത്തിനും പത്നീവ്രതത്തിനും യോജിക്കാത്ത ഇംഗിതങ്ങളെയും ആലോകനങ്ങളെയും കൂടി യേശു വിലക്കിയിട്ടുണ്ടു്. ഈവക സദുപദേശങ്ങൾ അനുസരിക്കപ്പെട്ടന്ന സമുദായത്തിൽ ആകപ്പാടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന സമാധാനവും ഐശ്വര്യവും എത്രത്തോളമുണ്ടെന്നു നമുക്കേവർക്കും ഏറക്കുറെ ഊഹിക്കാവുന്നതാണല്ലൊ. വിവാഹജീവിതത്തിന്റെ വിശുദ്ധിയെ പരിപാലിക്കാത്ത ജനസമുദായങ്ങളിൽ ഒരിക്കലും അഭിവൃദ്ധിയും സമാധാനവും ഉണ്ടായിരിക്കുന്നതല്ല എന്നു് ആർക്കാണറിഞ്ഞുകൂടാത്തതു്? ക്രിസ്തുവിന്റെ ഈ തത്വം കേരളത്തിൽ പൂവാധികമായി പ്രചരിപ്പെട്ടുവരുന്നതായി നമ്മുടെ രാഷ്ട്രീയനിയമനിർമ്മിതിയിൽനിന്നും മറ്റും ഏറെക്കുറെ വിശദമായിവരുന്നു. ഈ സൽപാഠമുണ്ടെന്നു കൂടി വെട്ടിവിസ്തരിച്ചുകൂടേണ്ടതു് ക്രിസ്തീതരസമുദായങ്ങളുടെ ഇന്നത്തെ അത്യാവശ്യങ്ങളിൽ ഒന്നായി നിഷ്പക്ഷപാതികളായ ചിന്തകന്മാർ സമ്മതിക്കാതിരിക്കയില്ല.

"പല്ലിനു പല്ലു്", "കണ്ണിനു കണ്ണു്" എന്നിങ്ങനെയായിരുന്ന പഴയനിയമത്തിലെ പിനൽകോഡിൽ വിധിച്ചിരുന്നതു്. ക്രിസ്തുവിന്റെ കാലത്തു ജീവിച്ചിരുന്ന യൂദന്മാർ ഈ നിയമത്തെ തെറ്റിദ്ധരിച്ചു് വൈയ്യക്തികപ്രതികാരചിന്താവിവശന്മാരായി പ്രവർത്തിച്ചുവന്നു. പഴയനിയമത്തിലെ മുൻപറഞ്ഞ നിയമം ന്യായാധിപന്മാരുടെ അറിവിലേക്കുവേണ്ടി മാത്രമായിരുന്നു. അല്ലാതെ ഓരോരുത്തരും അന്യോന്യം പകരം വീട്ടുചെയ്യണമെന്നുള്ളതായിരുന്നു അതിന്റെ സാക്ഷാൽ അർത്ഥം. ഈ വൈയ്യക്തികപ്രതികാരചിന്തയെ ടഞ്ഞു അതിനു വിരോധമായ ക്ഷമാശീലത്തെയും ഔദാര്യബുദ്ധിയേയും

ഷ്യരെ പഠിപ്പിക്കണമെന്നായിരുന്നു ക്രിസ്തുവിന്റെ സന്ദേശസാരം. "ഒരുവൻ നിന്റെ വലത്തു ചെവുട്ടിൽ അടിക്കുന്നുവെങ്കിൽ നിന്റെ ഇടത്തുചെവിട്ടു കൂടി കാണിച്ചുകൊടുക്കുക" എന്നുള്ള ഉപദേശത്തിന്റെ സാരവും ഇതുതന്നെയാണ്. ക്രിസ്തുവിന്റെ ഈ ഉപദേശം വളരെ തെറ്റിദ്ധാരണകൾക്കിടകൊടുത്തിട്ടുണ്ട്. ന്യായമായ അധികാരികളുടെ അടുക്കൽ അന്യായപ്പെടുന്നതും പ്രതിയോഗിക്കു് ആ വിധത്തിൽ ശിക്ഷ കൊടുക്കുന്നതും അവിഹിതമാണെന്നു ക്രിസ്തു ഒരിക്കലും പറയുന്നില്ല. പകരംവീട്ടു ചെയ്യുന്നതിനുള്ള ദുഗീയമായ ഭ്രാന്തു ചീത്തയാണെന്നുമാത്രമെ ദിവ്യരക്ഷകൻ നമ്മെ പഠിപ്പിക്കുന്നുള്ളു. ഈ അഭിപ്രായം ലോകത്തിൽ നടപ്പിൽ വരാത്ത കാലത്തോളം ലോകത്തിൽ സമാധാനം അജ്ഞാതമായിരിക്കുകയേ ഉള്ളു. അന്യോന്യം പലിശ കൂട്ടി പകരം വീട്ടുക തന്നെ വേണമെന്നുള്ള നയം അരാജകത്വത്തിന്റെയും സമാധാനക്കേടിന്റെയും ഒരു ലക്ഷ്യമായിട്ടല്ലാതെ പരിഷ്കൃതലോകം ഇന്നും ഗണിക്കുന്നില്ല. എന്നുതന്നെയുമല്ല പകരംവീട്ടൽ നീതീകരിക്കപ്പെടുന്നപക്ഷം കേവലം കൈയ്യൂക്കു തന്നെയാണ് നീതി എന്നും വന്നുകൂടും. ഈ വിഷയത്തിലും ക്രിസ്തുവിന്റെ ലോകസന്ദേശം സമുദായസമാധാനത്തിനും നിലനില്പിനും അത്യന്താപേക്ഷിതമാണെന്നു ആരും സമ്മതിക്കാതെ കഴികയില്ലെന്നാണ് എനിക്കു തോന്നുന്നതു്.

ധനസമ്പാദനവിഷയത്തിലും ക്രിസ്തുവിന്റെ ഉപദേശം വളരെ വിലയേറിയവയാണെന്നു സൂക്ഷ്മപരിശോധനയിൽ ബോധപ്പെടുന്നതാണ്. ലോകചരിത്രത്തിന്റെ ഓരോ ദശകളിലും മനുഷ്യഹൃദയങ്ങളെ വല്ലാതെ ഇളക്കിമറിച്ചിരുന്ന ഒരു സാധനമാണ് ധനം. ധനകാംക്ഷകൊണ്ടു മനുഷ്യൻ സ്രഷ്ടാവിനെയും അവനെ തന്നെയും മറന്നു ധനദാസനായിപ്പോകുന്നു. താൻ ആരാണ്, എന്തിനു വന്നു, എവിടേക്കു പോകുന്നു, എന്നുള്ള കാര്യങ്ങളെല്ലാം അവൻ മറന്നുപോകുന്നു. ഇതു വളരെ മൌഢ്യമായ ഒരു ബോധമാണ്. ഈ പരമതത്വം കേൾവിക്കാരുടെ കണ്ണുകളിൽ അടിച്ചുകയറുന്നതിനായി അദ്ദേഹം ശക്തിമത്തായ ഭാഷയിലാണ് സംസാരിക്കുന്നതു്. ഒരു ഒട്ടകം സൂചിക്കുഴയിൽക്കൂടി കടക്കുന്നതിനേക്കാൾ പ്രയാസമാണ് ധനവാൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതു് എന്നും മറ്റുമുള്ള ഉപദേശങ്ങളുടെ ആന്തരാർത്ഥം ഇങ്ങനെയാണ് മനസ്സിലാക്കേണ്ടതു്. ധനസമ്പാദനം നിത്യരക്ഷയുമായി പ്രതിബന്ധമാകുന്നതു് അന്യായമായി ചെയ്യപ്പെടുമ്പോൾ മാത്രമാണ്. ധനം മനുഷ്യന്റെ ഉപയോഗത്തിനാണെന്നും അല്ലാതെ മനുഷ്യൻ ധനത്തിന്റെ ദാസ്യവൃത്തി ചെയ്യുന്നതിനല്ലെന്നും നല്ലപോലെ നാം മനസ്സിലാക്കേണ്ടതാണെന്നുമുള്ള ക്രിസ്തുവിന്റെ ഉപദേശം വളരെ മഹത്തരമാണെന്നു് അനുഭവംകൊണ്ടറിയുന്നവർ ക്രിസ്ത്യാനികളുടെ ഇടയിലും അന്യന്മാരുടെ ഇടയിലും ഇപ്പോൾ ധാരാളമുണ്ട്. ആ സ്ഥിതിക്കു ക്രിസ്തുവിന്റെ ഈ സന്ദേശത്തെപ്പറ്റി ഇതിലധികം വിവരിക്കണമെന്നു വിചാരിക്കുന്നില്ല. പഴയനിയമത്തിലെ നായകന്മാരായ അബ്രഹാം, യൌസേപ്പു്, യോബ് മുതലായവരെയൊക്കെയും ധനസമ്പന്നന്മാരായിട്ടാണ് നാം കാണുന്നതു്. ക്രിസ്തുവാകട്ടെ യൂദന്മാരുടെ രാജാവാണെങ്കിലും ഒരു നിർദ്ധനകുടുംബത്തിൽ ജനിക്കുകയും നിർദ്ധനന്മാരായ കൈവേലക്കാരപരിഷകളുമായി സഹവസിക്കുകയും ചെയ്തതായി നാം അറിയുന്നു. നിർദ്ധനത്വത്തിനും പ്രയത്നത്തിനും ആണ് ക്രിസ്തു കുലീനതയേക്കാളും ധനസമ്പത്തിയേക്കാളും പ്രാധാന്യം കൊടുക്കുന്നതു്. ക്രിസ്തുമതത്തിലെ പുണ്യവാന്മാരെ നാം പരിശോധിക്കുന്നപക്ഷം അവരിൽ ഭൂരിപക്ഷവും നിർദ്ധനന്മാരോ അഥവാ സ്വമേധയാ നൈർദ്ധന്യം അനുഷ്ഠിക്കുന്നവരൊ ആണെന്നു മനസ്സിലാക്കാം.

പൌരധർമ്മത്തെപ്പറ്റി യേശുക്രിസ്തുവിന്റെ ലോകോപദേശമെന്താണെന്നുകൂടി ഇനി നമുക്കു ചിന്തിക്കാം. "കൈസറിനുള്ളതു കൈസറിനും

ദൈവത്തിനുള്ളതു ദൈവത്തിനും എന്നുള്ള വാക്യത്തിൽ ക്രിസ്തുവിനു ഇതേ സംബന്ധിച്ചുള്ള അഭിപ്രായം മുഴുവനും അടങ്ങിയിരിക്കുന്നു. ലൌകികാധികാരികളുടെയും വൈദികാധികാരികളുടെയും അധികാരസീമ രണ്ടും രണ്ടാണ്. മനുഷ്യാത്മാവു് മനുഷ്യശരീരത്തിനു മേല്പട്ടതാണു്; അതുപോലെതന്നെ വൈദികാധികാരികൾ ലൌകികാധികാരികളേക്കാൾ ശ്രേഷ്ഠന്മാരാണ്. പക്ഷേ ഇവരിൽ ഒരു കൂട്ടർ മറേറ കൂട്ടരുടെ അധികാരങ്ങളെ കവർന്നെടുക്കുന്നതു് ഒട്ടുംതന്നെ വിഹിതമല്ല. ലൌകികാധികാരികൾ കർബലം മൂലം തങ്ങളുടെ ആശയങ്ങളെ പ്രവൃത്തിയിൽ വരുത്തുവാൻ ശ്രമിക്കുന്നു; വൈദികാധികാരികളാകട്ടെ ധാർമ്മികമായ ഉപദേശംകൊണ്ടുമാത്രമാണു് തങ്ങളുടെ ചുമതലകളെ നിറവേറുന്നതു്. വൈദികവും ലൌകികവുമായ ശക്തികൾ തമ്മിൽ എപ്പോൾ ഭിന്നിക്കുന്നുവോ അപ്പോൾ അതു സമുദായത്തിനു പൊതുവേ ഉപദ്രവകരമായിരിക്കുന്നതാണു്. മതവും രാജ്യഭരണവും കൂടിയോജിച്ചിരിക്കുന്ന ഏതാനും കായ്ക്കങ്ങളുണ്ടു്. ഈ കായ്ക്കങ്ങളിൽ നമ്മ വരണമെന്നുണ്ടായിരുന്നാൽ ലൌകികാധികാരികളും ദൈവികാധികാരികളും തമ്മിൽ സഹകരിച്ചു പ്രവർത്തിക്കേണ്ടതു് അത്യാവശ്യമാണു്. ലോകചരിത്രത്തെ പരിശോധിച്ചുനോക്കുന്നപക്ഷം ഈ അഭിപ്രായത്തിന്റെ കായ്ക്ഷമത എത്രത്തോളമുണ്ടെന്നു നമുക്കു മനസ്സിലാകുന്നതാണു്.

ക്രിസ്തുവിന്റെ ഏതാദ്ദേശമായ ലോകസന്ദേശത്തിന്റെ അനുവർത്തനം മൂലം ലോകത്തിൽ സമാധാനം സഹോദര്യം, ഈശ്വരവിശ്വാസം, സമത്വം, സ്വാതന്ത്ര്യം മുതലായ ഗുണങ്ങൾ വർദ്ധിച്ചതായി നാം കാണുന്നു. അതിയായ ഭക്ഷണപ്രിയം, മാംസേച്ഛ, ദ്രവ്യാഗ്രഹം ഇവയെയെല്ലാം ന്യായമായവിധത്തിൽ ക്രിസ്തു ആക്ഷേപിച്ചു. സ്വന്തം കരംകൊണ്ടു വേല ചെയ്തു ഉപജീവനം കഴിക്കുന്നതു നന്നാണെന്നും അതിനാൽ അപമാനം ഒന്നും വരാനില്ലെന്നും അദ്ദേഹം തന്റെ പ്രവൃത്തിയാൽ ലക്ഷീകരിച്ചു. എന്നുതന്നെയുമല്ല ആദ്യവസാനം തന്റെ ജീവിതം സർവ്വത്ര മാതൃകായോഗ്യമായ ഒന്നാക്കിക്കൊണ്ടു, സ്വയം മറവുള്ളവർക്കു് ഒരു സാധനപാഠമാക്കിക്കൊടുത്തു. മറവു പല മതങ്ങളിലും സന്മാർഗ്ഗതത്വങ്ങൾ ഉണ്ടെന്നു സംവദിക്കാം. പക്ഷേ ഇത്ര ആദർശകമായ ഒരു ചരിത്രപുരുഷൻ സ്ഥാപകനായിട്ടുള്ള വേറെ യാതൊരു മതവും ഉള്ളതായി നാം കേൾക്കുന്നില്ല. തന്റെ സന്ദേശങ്ങളുടെ വാസ്തവതവും, മനുഷ്യരോടു തനിക്കുള്ള അതിരറ്റ സ്നേഹവും, ആത്മത്യാഗപരമകാഷ്ഠയും കാണിക്കുന്നതിനായി ഒരു മരക്കുരിശിൽ തൂങ്ങി ഒടുവിൽ താൻ മരിക്കുകയും ചെയ്തു. "ഇതിൽ കൂടുതലായ സ്നേഹം യാതൊരു മനുഷ്യനും ഇല്ല" എന്നു് ആക്കും ഇദ്ദേഹത്തേപ്പറ്റി സകാരണം വാദിക്കാവുന്നതാണു്. ഇത്ര പരിപൂർണ്ണ സൽസ്വഭാവിയും മാതൃകാപുരുഷനുമായ യേശുക്രിസ്തുവിന്റെ ലോകസന്ദേശങ്ങളെ ആധുനികലോകം ജാതിമതവർണ്ണഭേദമൊന്നും കൂടാതെ ധ്യാനിച്ചു പ്രവൃത്തിയിൽ വരുത്തേണ്ടതല്ലയോ?

സുവർണ്ണജൂബിലി.

(സുപ്രതിക്ഷകൻ)

മാധുര്യമുറ്റമകരന്ദസമൃദ്ധിയാലും
സൻമുഗ്ധദുഗ്ധശുഭരികാ പ്രകരങ്ങളാലും;
ശ്രേഷ്ഠതമാന്നരുഗ്രഹീതമഹസ്സു കൈക്കൊ-
ണ്ടാകാശവീഥിയിൽ ജൂബിലിയുദിച്ചു!

സാഹിത്യ സദ്രസ സമ്പുസമായിട്ടുന്നൊ-
രെന്നുള്ളമെന്നുടയ ശബ്ദവുമൊന്നുപോലെ;
ഇപ്പുണ്യദിക്കിനുടെ സംസ്മരണത്തിലുണ്ടെ
മുങ്ങിക്കുളിപ്പു പുളകോൽഗമസംഗപൂവ്വം! 2

അതൈവട്ടതർ, പുകൾ പൊങ്ങിയ രക്തസാക്ഷി-
വൃന്ദങ്ങൾ, വൈദികർ, ധരാധിപർ, ഗായകന്മാർ
ദൈവാത്മജന്റെ കതിരേറിവരൊക്കെയിങ്ങെ
ശോഭിച്ചിടുന്ന സെഹിയോൻ മണിമേടതന്നിൽ! 3

ഈശോവിനായ് മരണവേദനയേറ്റവക്കു-
മീശോവിലേറ്റമനുരാഗമെഴുന്നവക്കും;
സുസ്വാഗതങ്ങളുരുളിസ്സുതരാം ജയിപ്പു!
ഇപ്പൊൻപുരത്തിനുടെ വിദ്രുമഗോപുരങ്ങൾ! 4

വാരുറ്റ താരക പതോപരി, ജീവനുള്ള
ഹേമാശുഖണ്ഡതതിയാലനുവിദ്ധമായി;
അതൈവട്ടതമണിദിപ മഹാഭപൂണ്ടു
മിന്നുന്നൊരിപ്പുരി മനുഷ്യനവർണ്യമത്രേ! 5

രാജാധിരാജനെവ,നായവനെക്കുറിച്ചു
വണ്ടാരവാൽ സ്തുതി ശതം സതതം പൊഴിച്ചും,
സപ്രീയവീണയിലവന്റെ ഗുണം വദിച്ചു-
മിരമ്യകാഞ്ചനപുരം വിജയിച്ചിടുന്നു! 6

പൊന്നുംചട്ട ധരിച്ചു രത്നമകുടം ചാർത്തിജ്ജഗന്നായകൻ
മിന്നുന്ന സിതകഞ്ചുകാഞ്ചിതർ ഭടന്മാരെബ്ഭരിച്ചങ്ങിനേ!
ഒന്നുണ്ടോ കുറവുത്തരോത്തരമയന്നീടുന്നതുണ്ടിസ്ഥല-
ത്തെന്നും യുദ്ധജയപ്രഘോഷവുമകം തിങ്ങുന്ന സന്തോഷവും. 7

നെപ്പോളിയൻ.

(തോമസ് സി. ജോസഫ്)

ആധുനികകാലത്തു യുറോപ്പുഭൂഖണ്ഡത്തെ മുഴുവൻ തലകീഴ്മറിച്ചു് ലോകത്തിന്റെ വിവിധഭാഗങ്ങളിലും ക്ഷാമവും ഭീതിയും വ്യാപിക്കുന്നതിൽ പ്രധാനഭാഗം വഹിച്ച ജർമ്മൻ കൈസറിനേക്കാൾ പ്രസിദ്ധനും, ഭൂലോകഭയങ്കരനെന്നു് പരമ്പരയാ അറിയപ്പെടുന്ന ഒരു മഹാവ്യക്തിയാണല്ലൊ നെപ്പോളിയൻ. ആ മഹാത്മാവിനെപ്പറ്റി എന്തെങ്കിലും അറിയുന്നതു വായനക്കാർക്കു് രസജനകമായിരിക്കുമെന്നു വിചാരിച്ചുകൊണ്ടു വില്യം ബാരി ഡി. ഡി. അവർകൾ എഴുതിയിട്ടുള്ള "നെപ്പോളിയൻ" എന്ന ലേഖനശകലത്തെ തർജ്ജമ ചെയ്തു താഴെ ചേർത്തുകൊള്ളുന്നു.

കോഴ്സിക്കാ എന്ന ദ്വീപിലുള്ള സാമാന്യം മാന്യകുടുംബങ്ങളിൽ മുന്നായിരുന്ന ബോണപ്പാർട്ടു് എന്ന കുടുംബത്തിൽ ക്രിസ്തുവർഷം 1769 ആഗസ്റ്റു് 15-ാംനു-യാണു് നെപ്പോളിയൻ ജനിച്ചതു്. ബാല്യദശയിൽത്തന്നെ സമരത്തിൽ അധികമായ കൌതുകം പ്രദർശിപ്പിക്കുമുലം ഒരു ജ്യേഷ്ഠാവിന്റെ സ്ഥാനത്തിൽ അദ്ദേഹം ഫ്രാൻസിൽ അയക്കപ്പെടുകയും

അചിരേണ ലോകപ്രസിദ്ധനും, അനന്യസാധാരണനുമായ ഒരു സൈന്യാധിപനായിത്തീരുകയും ചെയ്തു. ഒരു യോദ്ധാവായിട്ടോ, ഒരു ഭരണധുരന്ധരനായിട്ടോ, എന്നുവേണ്ട കുശാഗ്രബുദ്ധിയുടെ കേവലം ഒരവതാരപുരുഷനായിട്ടുതന്നെയോ ഈ കഥാനായകനെ പരിശോധിക്കുന്നപക്ഷം കഷ്ടിച്ച് ഒരു ശതവർഷത്തിനിടയ്ക്കു് തനിക്കു തുല്യനായ ഒരാൾ ജനിച്ചിട്ടില്ലെന്നു് സമ്മതിക്കേണ്ടിയിരിക്കുന്നു. സുപ്രസിദ്ധന്മാരായ പ്ലിഡായേൻ അരിസ്റ്റോട്ടിലോടും, ലെയൊനാർഡൊ ദ് വിൻചിയും, ഷിശുവിശ്രുതനും, ഇറാലിയൻ തിലകവും അവിടത്തെ പ്രാഥമീകചെമ്പരാണികകവിയുമായി ഇന്നും സാഹിത്യലോകത്തിനു് സ്ഥിരപരിചിതനായിരിക്കുന്ന "ഡാൻറി"പോലും ബുദ്ധിശക്തിയിൽ നെപ്പോളിയൻ ബൊണപ്പാർട്ടിനോടു കിടപിടിക്കുമെങ്കിലും, ആംഗലേയകവിപുംഗവനായ ഷേക്സ്പീയർ മാത്രമേ തദ്വിഷയത്തിൽ അദ്ദേഹത്തെ അതിശയിച്ചിട്ടുള്ളു.

ചരിത്രപ്രസിദ്ധന്മാരായ ജ്യൂലിയസ് സീസർ, അഗസ്റ്റസ് മുതലായ റോമാ ചെമ്പരപ്രമാണികളെ അവരുടെ ജന്മഭൂമിയെ ആസ്പദമാക്കി "എത്രസ്കൻസ്" എന്നു വിളിച്ചുവന്നിരുന്നു. വംശവഴിഭോഗം ബൊണപ്പാട്ടിനും പ്രസ്തുത സംജ്ഞയ്ക്കു് അർഹതയുണ്ടായിരുന്നു എന്നുള്ളതു് അനശ്വരവും അമൂല്യവുമായ ഒരു ബഹുമതിയായി അയാൾ കണക്കാക്കി. കായികനിർമ്മാണംകൊണ്ടു് സീസറും നെപ്പോളിയനും ഏകമാതാവിന്റെ സന്താനങ്ങളല്ലായിരുന്നോ എന്നു് അവരുടെ പ്രതിമകൾ നമ്മെ ബലമായി സംശയിപ്പിക്കും. സീസറിനു് സ്വതസിദ്ധമായിരുന്ന വാക്ചാതുര്യവും, പ്രസംഗപാടവവുമാണു് നെപ്പോളിയനിൽ നിന്നും അദ്ദേഹത്തെ വ്യത്യസ്തപ്പെടുത്തിയതു്. ദീർഘകായനല്ലെങ്കിലും നമ്മുടെ കൊഴുസിക്കൻ യുവാവിനു് വിസ്താരമേറിയ വിരിഞ്ഞ മാറ്റിടവും, സുവർണ്ണകേശങ്ങളും, മങ്ങിയ നൈമ്മല്യമായ നയനങ്ങളും ആകർഷണീയവും വശീകരിക്കത്തക്കതുമായ മന്ദസ്മിതവും ഉണ്ടായിരുന്നു. ഒലീവുവർണ്ണമായ വദനത്തിൽ വിളങ്ങിയിരുന്ന ശ്രുഷ്ടഭാവന്യത്തിനു് തന്റെ നിയ്യാണശയ്യയിൽപോലും അല്പമെങ്കിലും സങ്കോചം ഭവിച്ചില്ലെന്നു പറയപ്പെടുന്നു, ശരീരം ഇരുമ്പിനു സമവും, സ്ഥൈര്യധൈര്യാദികൾ വിഷമഘട്ടങ്ങളിൽ ദേദീപ്യമാനീഭവിച്ചുവന്നിരുന്നവയുമത്രെ. "I cannot" എന്നാൽ അസാദ്ധ്യം, എന്നു് അയാൾ വല്ലയവസരത്തിലും ഉച്ചരിച്ചുപോയിട്ടുണ്ടോ എന്നു സംശയമാണു്. അദ്ധ്വാനത്തിലുള്ള നിസ്സീമമായ ഉത്സാഹവും, വിധിവിശ്വാസിയായ ഒരു മുഹമ്മദീയനെപ്പോലുള്ള ശാന്തതയും അതിശയനീയം തന്നെ. ഇങ്ങനെ സകല പ്രകൃതിവിലാസങ്ങളും, നിരീക്ഷണമായ നിസ്സന്ദ്രതയും ആ എത്രസ്കനിൽ തുല്യസ്ഥാനത്തെ പ്രാപിച്ചിരുന്നതിനാൽ അവയുടെ ശക്തിമത്തായ അഭിലാഷത്തെ സാധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളത്രെ തൽക്കാലം അയാൾക്കു് അവശ്യം വേണ്ടിയിരുന്നതു്.

1789-ലെ ഫ്രഞ്ചുരാജ്യകലാപം ഈ അവസരത്തിലത്രെ ആരംഭിച്ചതു്. വോൾട്ടയർ, റോസ്സൊ മുതലായ തത്വശാസ്ത്രജ്ഞന്മാരുടെ പ്രേരണ ഇതിനുള്ള ഹേതുക്കളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നുതന്നെയായിരുന്നു. ലഹളക്കാർ അന്നത്തെ ഗവമ്മെൻറിനെ നശിപ്പിച്ചു് രാജ്യത്തിൽ അരാജകത്വവും കുഴപ്പങ്ങളും ഉണ്ടാക്കി. നെപ്പോളിയനാകട്ടെ അതിനെ പ്രകൃതിദത്തമായ ഒരവസരമായിട്ടാണു് ഗണിച്ചതു്. അയാൾ അതിന്റെ പ്രണേതാവും, ആയുധവും, നിയമനിർമ്മാതാവുമായിരുന്നെന്നു് നിർമ്മത്സരബുദ്ധികൾ സമ്മതിച്ചേ തീരു. വിപ്ലവാരംഭത്തിൽതന്നെ ഒരു ഫ്രഞ്ചു ക്രോംവല്ലിന്റെ ആവിർഭാവത്തെ എഡ്മൻഡ് ബെർക്കർ, ആർതർയങ്ങു്, മോറീസ് മുതലായ വിശാലബുദ്ധികൾ പ്രവചിച്ചതിൽ അനല്പമായ പരമാർത്ഥം അടങ്ങിയിരു

ന്നു. കലാപക്കാരുടെയിടയിൽ മഹാനെന്ന പേരിനു് അർഹനും, ഒരു ദുർ
ദ്ദർഷപുരുഷനുമായ മെയർബോയുടെ അകാലനിര്യാണാനന്തരം തൽസ്ഥാനത്തിൽ ഒരാളെ ലഭിക്കുന്നതിനുള്ള പ്രയത്നഘട്ടത്തിലാണു് നെപ്പോളിയന്റെ പ്രത്യക്ഷപ്പാടു്. സ്വന്തസാമർത്ഥ്യത്താൽ യൂറോപ്പിലെ എല്ലാ രാജ്യങ്ങളെയും പരോക്ഷമായും അല്ലാതെയും അയാൾ യുദ്ധരത്നത്തിൽ ഭാഗഭാക്കുകളാക്കുകയും, ഇരുപത്തേഴാമത്തെ വയസ്സിൽ ഇറ്റലിയും മറ്റു പല രാജ്യങ്ങളും പിടിച്ചടക്കുകയും ചെയ്തു. അതിനു വളരെ മുമ്പു സ്ഥാപിതമായ 'ഹോളി റോമൻ എംപയർ' എന്ന ജർമൻ രാജൈക്യത്തെ അയാൾ ചിതറിക്കയും, ഫ്രാൻസിൽ കത്തോലിക്കമതത്തെ നവീകരിക്കയും, ആധുനിക ഇറ്റലിക്കു് ശിലാസ്ഥാപനം ചെയ്തുയും, തദ്വാരാ ഇംഗ്ലണ്ടിനെക്കുടിയും ബാധിച്ചിരുന്ന 'വെദർഷ്യൻ പ്രഭുവാധിപത്യ' (ഓലിഗാക്കി)ത്തെ ഉൻമൂലനം ചെയ്തു് ഭരണപരിവർത്തനവും തൽഫലമായ ജനാധിപത്യവും അത്യന്താപേക്ഷിതമാക്കിത്തീർക്കയും ചെയ്തു.

വിദേശാക്രമണത്തിൽ അയാൾക്കുണ്ടായിരുന്ന അത്യാഗ്രഹം അപരിമിതമായിരുന്നു. ഐക്യസൈന്യങ്ങളുടെ യാതൊരു സഹായവുമില്ലാതെ ഏകനായി പ്രുഷ്യാക്കാരെ പരാജിതരാക്കി; ജർമൻരാജ്യത്തെ കരസ്ഥമാക്കുന്നതും, ഒരു സൈനിക ലോകത്തെ പരിശീലിപ്പിക്കുന്നതും, എന്നുവേണ്ട ഭൂചക്രവാളത്തെ മുഴുകലം ഭരിക്കുന്നതിനു് ഒരുങ്ങേണ്ടതും എങ്ങിനെയെന്നുള്ളതിനു് പ്രസ്തുതസംഭവം ഒരു മാതൃകാപാഠമാണു്. തന്റെ രാഷ്ട്രീയമായ നയത്തിനു് ഏകപ്രതിബന്ധമായിരുന്ന ഇംഗ്ലണ്ടിനെക്കുടിയും തന്റെ അധികാരസീമയിൽ വരുത്തിയതിനുശേഷം അമേരിക്കായിലേക്കു് ഒരു നാവികസൈന്യം അയക്കണമെന്നുള്ള ഉദ്ദേശത്തോടെ നെപ്പോളിയൻ ആയിരത്തിൽപരം ചെറുകപ്പലുകൾ പണിയിച്ചു് ഇംഗ്ലീഷ് ചാനലിൽ നിരത്തി. പക്ഷേ വെല്ലിംഗ്ടൻ നെൽസൻ മുതലായവരുടെ അക്ഷീണനോട്ടം തന്റെ ആഗ്രഹസാദ്ധ്യത്തിനു് വല്ലാത്ത പ്രതിബന്ധം വരുത്തിക്കൂട്ടി. ഇംഗ്ലണ്ടിന്റെ സ്വാതന്ത്ര്യത്തിനു് ഇത്രയും അപായകരമായ ഒരവസരം ഇനിയുണ്ടാകയില്ലെന്നു് ജനങ്ങൾ വിശ്വസിച്ചു. അനന്തരം ഇൻഡ്യയിൽ പ്രവേശിക്കുന്നതിനു് അത്യാഗ്രഹഭരിതനായി ബ്രിട്ടീഷ് മേൽക്കോയ്മയ്ക്കു വിരോധികളായിരുന്ന ചില ഇൻഡ്യൻ രാജാക്കന്മാരുടെ അനുകമ്പയെ ലാക്കാക്കി നെപ്പോളിയൻ ഇജിപ്തിലേക്കു പുറപ്പെട്ടു. എന്നാൽ നെൽസൻപ്രഭുവിന്റെ നാവികസൈന്യശക്തിയെ അതിക്രമിക്കുന്നതിനു് സാധിക്കാതെ മടങ്ങിപ്പോകേണ്ടിവന്നു. അതേസമയത്തുതന്നെ യൂറോപ്പിൽ അയാൾക്കധീനമായിരുന്ന പല രാജ്യങ്ങളും പിടിയിൽനിന്നു വിട്ടുപോകയാൽ രാജ്യഭരണനിർവ്വഹണത്തിനായി നിയമിക്കപ്പെട്ടിരുന്ന 'കൻവെൻഷ്യൻ പാർലിയമെന്റിനെ' നശിപ്പിക്കയും രാജ്യഭരണഭാരം അയാൾ തന്നെ വഹിക്കയും ചെയ്തു. ഇങ്ങനെ പ്രഭുത്വം പിടിച്ചെടുത്ത സ്വന്ത വാഹനത്തോടു ഘടിപ്പിച്ചുകൊണ്ടും, ഭൂലോകാക്രമണത്തിനു് സപ്രഭുക്കളെ അനാരതം പ്രേരിപ്പിച്ചുകൊണ്ടും നെപ്പോളിയൻ തന്റെ സ്ഥാനത്തെ സ്ഥിരമാക്കുവാൻ യത്നിച്ചു.

ബോണപ്പാർട്ടിന്റെ സകല വിജയങ്ങൾക്കും അടിസ്ഥാനമായിരുന്ന 'ക്രമം' (Order) എന്നതിൽ അയാൾ എത്രമാത്രം ശ്രദ്ധപതിച്ചിരുന്നു എന്നുള്ളതു വാചാമഗോചരമാണു്. കച്ചവടം, കരകൌശലം, വിദ്യാഭ്യാസം എന്നിവയെ അയാൾ ക്രമപ്പെടുത്തി. ഇപ്പോൾ നാമാവശേഷവും ഏതൽക്കാലത്തു് ആദരണീയവുമായിരിക്കുന്ന നെപ്പോളിയന്റെ നീതിപ്രമാണത്തെ (Napoleon Code) പ്പറ്റി കേട്ടിട്ടില്ലാത്തവർ ഉണ്ടെന്നു തോന്നുന്നില്ല. വേദകാര്യങ്ങളിൽ അഭിപ്രായസ്വാതന്ത്ര്യം വേണമെന്നുള്ള ഭാഗത്തായിരുന്ന ഈ 'ഫ്രഞ്ചു ക്രാം വെൽ' തൻമൂലം കത്തോലിക്കരുടെയും, പ്രൊട്ടസ്റ്റന്റുകാരു

ടെയും, യഹൂദന്മാരുടെയും മതതത്ത്വങ്ങളെ അയാൾ ഫ്രാൻസിൽ പുനഃസ്ഥാപിച്ചു. എങ്കിലും പത്രങ്ങൾക്കു സ്വാതന്ത്ര്യം അനുവദിക്കാതിരിക്കുന്നതിൽ അയാൾ അത്യധികം നിഷ്കർഷയുള്ളവനായിരുന്നു പോലും. അന്തരികലഹങ്ങൾ മൂലം ശക്തി ക്ഷയിച്ചിരുന്ന യൂറോപ്പു മുഴുവൻ നിഷ്പ്രയാസം കൈക്കലാക്കാമെന്നുള്ള ഒരു കവിഭാവനയാണ് അമീൻസ് ഉടമ്പടിയെ ലംഘിച്ച് ഇതരരാജ്യങ്ങളുടെ വിരോധത്തിനു് അയാളെ പാത്രമാക്കിത്തീർത്തതു്. മറെങ്കോ, ഓസ്റ്റർലിറ്റ്സ് എന്ന സ്ഥലങ്ങളിൽവച്ചുണ്ടായ യുദ്ധങ്ങളുടെ ഫലമായി യൂറോപ്പു മുഴുവൻ ക്ഷണനേരം നെപ്പോളിയന്റെ പാദങ്ങളുടെകീഴിലായി ചേർന്നു. എന്നാൽ ലീപ്സിഗ് എന്ന സ്ഥലത്തുവച്ചാണ് അയാളുടെ അധഃപതനം ആരംഭിച്ചതു്. പ്രസിദ്ധമായ വാട്ടർലൂ എന്ന പോക്കുത്തിൽവച്ച് ഇംഗ്ലീഷുസൈന്യങ്ങൾ ഫ്രഞ്ചുസൈന്യത്തെ പരാജിതരാക്കുകയും നെപ്പോളിയൻ ബന്ധനസ്ഥനായി സെന്റ് ഹെലനാ എന്ന ദ്വീപിലേക്കു ബഹിഷ്കരിക്കപ്പെടുകയും ചെയ്തു.

ഇതുപോലെ അത്ഭുതകരവും അസാധാരണവുമായ ഉയർച്ചയേയും, അതേവിധമായ താഴ്ചയേയും "ഇത്രത്തോളം അതിശയകരമായ ഒരു നാടകമായിട്ടതന്നെ ഗണിച്ചേക്കാവുന്നതെന്നു പ്രഭവമേറിയ നെപ്പോളിയന്റെ ജീവിതദശയാൽതന്നെ ചരിത്രത്തിൽ ഒരു നൂതനവൃത്തം (Era) ഉണ്ടാകയും ചെയ്യും" എന്നു് ഗ്രന്ഥകാരനായ 'ലോക്ക്ഹാർട്ട്' എന്ന ലേഖകൻ പ്രസ്താവിച്ചിരിക്കുന്നു.

ഇതുപോലെ പ്രതാപവാനായിരുന്ന നെപ്പോളിയനിൽ ചില ദോഷഭാഗങ്ങളുണ്ടായിരുന്നു. യൂറോപ്പിലെ എല്ലാഗവർമ്മെൻറുകളും ഐകകണ്ഠ്യേന അദരിച്ചുവന്ന അമീൻസ് ഉടമ്പടിയെ അയാൾ കേവലം ഒരു കടലാസുകഷണമായി കരുതുകയും, യാതൊരു സംശയവും കൂടാതെ അതിനെ ലംഘിക്കയും ചെയ്തു. സ്വാധീനമുള്ള സ്വരാജ്യസ്നേഹംകൊണ്ടല്ല, പിന്നെയോ സ്വലാഭോദ്ദേശംകൊണ്ടു മാത്രമാണ് അയാൾ വിപ്ലവകാരകനായി തള്ളിക്കയറി വന്നതു്. സ്വലാഭത്തിനുള്ളയിടത്തു് ക്രൂരകൃത്യങ്ങൾ ചെയ്യുന്നതിനുപോലും അയാൾക്കു ലേശം ആശങ്കയുണ്ടായിട്ടില്ല. വല്ലവിധേനയും കലാപം ശമിപ്പിച്ചു് സ്വരാജ്യത്തിൽ സമാധാനവും ക്ഷേമവും പുനർജ്ജീവിപ്പിക്കുന്നതിനുപകരം അതിനെ അയൽരാജ്യങ്ങളിൽ പരത്തി കുഴപ്പങ്ങൾ സൃഷ്ടിക്കുന്നതിനാണ് നെപ്പോളിയൻ ഒരുമ്പെട്ടതു്. അങ്ങിനെവരുന്നപക്ഷം പ്രസ്തുതരാജ്യങ്ങളിൽ പ്രവേശിക്കുന്നതിനു് ക്ഷണത്തിൽ സാധിക്കുമല്ലൊ എന്നായിരുന്നു അയാളുടെ ആശയം. പക്ഷേ ജനാധിപത്യ സംരക്ഷകൻ എന്നു നടിച്ചു എന്നേയുള്ളു. എത്രയോലക്ഷം പ്രജകരെയും, തന്നോടു യാതൊരു പക്ഷവും ചെയ്തിട്ടില്ലാത്ത എത്രയധികം ഇതരന്മാരെയും ബോണപ്പാർട്ട് യമദേവനു ബലികഴിച്ചു എന്നാലോചിക്കുമ്പോൾ കഠിനഹൃദയന്മാർക്കുപോലും അനുകമ്പയുണ്ടാകാതിരിക്കയില്ല. സഹോദരനായ ജോസഫ് ബോണപ്പാർട്ടിനെ തനിക്കു യാതൊരവകാശവുമില്ലാത്ത സ്പെയിനിൽ രാജാവായി സ്ഥാപിക്കുന്നതിനു് അയാൾ എത്രമാത്രം പണിപ്പെട്ടു. അതിനായി ജീവനെ ബലികഴിച്ച പട്ടാളക്കാരുടെ സംഖ്യ വളരെയധികമല്ലയോ? മോസ്കൊ പട്ടണം പിടിക്കുന്നതിനായി റഷ്യയിലേക്കു് അനേകലക്ഷം ആയുധപാണികൾ നെപ്പോളിയന്റെ നേതൃത്വത്തിൽ യാത്രതിരിച്ചു. എന്നാൽ അസഹനീയമായ റഷ്യയിലെ വഷ്കാലംകൊണ്ടും ഭക്ഷണസാധനങ്ങളുടെ ദൌർല്ലഭ്യംകൊണ്ടും മറും നേതൃവൃൾപ്പടെ കഷ്ടിച്ചു് ആയിരം പേർ മാത്രമെ ഫ്രാൻസിൽ തിരിയെ വന്നുചേർന്നുള്ളു. ഫ്രാൻസിൽ നെപ്പോളിയൻ വല്ല അഭിവൃദ്ധിയും വരുത്തിയിട്ടുണ്ടെങ്കിൽ തന്നെ അതു് എത്ര ഗാലൻ രക്തം ചൊരിപ്പിച്ചതിനുശേഷമാണ്. അതിസമർത്ഥനായ ചൂലവാദിയെന്നും, കിരീടധാരിയായ ഘാതകനെന്നും ബോണപ്പാർട്ടിനെ നാമകരണം ചെയ്യാവുന്നതാണ്. ക്രൂ

തൃങ്ങൾ മനസുറപ്പിച്ചുകൊണ്ടു തന്നെ അയാൾ ചെയ്തിരുന്നു. 'പരോപകാരാർത്ഥമിദം ശരീരം' എന്ന തത്വത്തെ ഖണ്ഡീകരിക്കുന്നതിനു ഭ്രഷ്ടനായ ഒരു സത്വമല്ലയോ നെപ്പോളിയൻ എന്നു തോന്നിപ്പോകത്തക്കവിധം സ്വാർത്ഥതല്പരനായിരുന്നു. താൻ ഒഴിച്ചു മറ്റുള്ള എല്ലാ നേതൃത്വങ്ങളും ബുദ്ധിശൂന്യരെന്നും, വലിയസംഗതികൾക്കു് അവസരവും, ജ്ഞാനവും ത്രാണിയുമില്ലാത്തവരെന്നും അയാൾ ഘോഷിച്ചിരുന്നു. സ്വരാജ്യസ്നേഹികളെന്നു് ഖ്യാതി സമ്പാദിച്ചിട്ടുള്ള തിമൊലീയനേയോ, വാട്ടർലൂ എന്ന പ്രസിദ്ധരണാങ്കണത്തിൽവച്ചു, തന്നെ തോല്പിച്ച വെല്ലിംഗ്ടൺ പ്രഭുവിനെയോ-ആശ്രയിച്ചു് സ്വരാജ്യസ്നേഹത്തിൽ നെപ്പോളിയൻ ബോണപ്പാർട്ടു് വളരെ വികൃതരൂപനായിരുന്നു എന്നതിനു സംശയമില്ല.

മാനുഷികതത്വത്തിന്റെ ഏറ്റവും പ്രാഭവശാലിയായ ഭാഗങ്ങളിൽ ഒന്നായ 'വിശ്വസനീയമായ സഖിതം' സ്വാതന്ത്ര്യഭക്തിയുടെ ഉല്പത്തിസ്ഥാനമായ നീതി എന്നിതുകൾ ബോണപ്പാർട്ടിൽ തൊട്ടുതെറിച്ചിട്ടുപോലുമില്ലായിരുന്നു. മാനസികവും, കായികവുമായ ശക്തികളുടെയും നിസ്തുലമായ ബുദ്ധിശക്തിയുടെയും, നായകത്വത്തിന്റെയും ആസ്ഥാനമായും സ്വാർത്ഥത്തിനുവേണ്ടിനവത്യാഗം ചെയ്യുന്നതിനുകൂടിയും 'സംശയമില്ലാത്ത ഒരു അസാധാരണസൃഷ്ടി'യായിട്ടുംനമുക്കു നെപ്പോളിയനെ കണക്കാക്കാം. മതതത്വങ്ങളും ഇതിഹാസവങ്ങളും അയാളുടെ ദൃഷ്ടിയിൽ കെട്ടുകഥകളും രാജ്യഭരണനയത്തിന്റെ ചിത്രികുപ്പകളും മാത്രമത്രെ. ഇതരന്മാരെ ഭരിക്കുന്നതിന് താൻ തന്നെ നിർമ്മിച്ചതു എന്നാൽ താൻ ഒട്ടും ആദരിക്കാതിരുന്നതുമായ നെപ്പോളിയൻ നീതിപ്രമാണത്തോടു അയാൾ അവയെ ഉലനം ചെയ്തിരുന്നു. എന്തെങ്കിലും ഒരു അമാനുഷിക ശക്തിയിൽ അയാൾ വിശ്വസിച്ചിരുന്നു എങ്കിൽ അതു് 'വിധിവത്തിൽ' മാത്രമത്രെ. നെപ്പോളിയൻ ബോണപ്പാർട്ട് എത്രവിധത്തിലുള്ള ഒരു മനുഷ്യനാണെന്നു നമ്മെ ഗ്രഹിപ്പിക്കുന്ന അയാളുടെ സ്വന്തം വാക്കുകളിൽ ചിലതിനെ ഇവിടെ ഉദ്ധരിച്ചുകൊണ്ടു് ഈ പ്രബന്ധത്തെ തല്ക്കാലം അവസാനിപ്പിക്കുന്നു.

'ഞാൻ ഇതരന്മാരെപ്പോലുള്ള ഒരു മനുഷ്യനല്ല, കൂടാതെ സാമാന്യനിയമങ്ങളും പ്രവൃത്തികളും എന്നെ സംബന്ധിക്കുന്നവയായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയുമല്ല'.

ഹൃദയവിശാലത

(ഡി. എൻ. സ്റ്റീഫൻ ഏം. എ.)

മനുഷ്യർ സമുദായജീവികളാകയാൽ അനേകവിധത്തിൽ തമ്മിൽ തമ്മിൽ ഇടപെടേണ്ടതായി വന്നുകൂടുന്നു. എന്നാൽ ഓരോരുത്തരും അവരവരുടെ സ്വന്ത സംഗതികളിൽ ഏർപ്പെട്ട അവയുടെ ഗുണകരമായ പരിണാമത്തിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുകയും, തൻമൂലവും, മനുഷ്യർക്ക് മിക്ക സംഗതികളിലുമുള്ള അപൂർണ്ണജ്ഞാനംകൊണ്ടും, തമ്മിൽ തമ്മിൽ ചരിക്കുന്നതിനും അന്യോന്യം ഈർഷ്യാകലരാകുന്നതിനും ഇടയായിത്തീരുന്നു. അതിൽനിന്നനുഭവിക്കുന്ന സ്ഥിതി അസുഖവും, യോജിച്ച സംഗതികൾ നിർവഹിക്കുവാൻ വിഷമവും ആയിരിക്കും. ഈ സ്ഥിതിയെ കഴിയുന്നിടത്തോളം ഇല്ലാതാക്കിയാൽ മാത്രമേ മനുഷ്യർ തമ്മിലുള്ള ഇടപാടുകളിൽ സൈഖ്യവും സ്നേഹവും മനുഷ്യർക്ക് ഐകമത്യത്തോടുകൂടി പ്രവർത്തിക്കുന്നതിനു പ്രാപ്തിയും ഉ

ണ്ടാവുകയുള്ളൂ. അതിനു നാം പ്രത്യേകം ചില സംഗതികൾ ധരിച്ചിരിക്കേണ്ടതാണ്. അതായതു്, എല്ലാവർക്കും അവരവരുടെ പ്രത്യേക ദോഷങ്ങളും ബലഹീനതകളും ഉണ്ട്; ചിലപ്പോഴും അവരവരുടെ ശക്തിക്കുപുറമായുള്ള സാഹചര്യങ്ങളാൽ ഓരോരുത്തരുടെയും ജ്ഞാനം വ്യത്യാസപ്പെട്ടും അപൂർണ്ണമായും ഇരിക്കും. എന്നുതന്നെയല്ല എല്ലാവരും ഓരോ സംഗതിയുടെയും ഒരേ ഭാഗം തന്നെയല്ല കാണുന്നതെന്നും, മനുഷ്യരൊക്കെയും ആനയെ കണ്ട അന്ധന്മാരെപ്പോലെ അപൂർണ്ണജ്ഞാനത്താൽ കുഴങ്ങിക്കുതരായാണ് ഇരിക്കുന്നതെന്നും നാം ഓർക്കേണ്ടതാണ്. കൂടാതെ എല്ലാവർക്കും അന്യരുടെ സഹായവും സഹതാപവും ആവശ്യമുണ്ടെന്നും എല്ലാ സ്ഥിതിയിലുമുള്ള ജീവികളെയും സൃഷ്ടിച്ചു പരിപാലിക്കുന്ന ദൈവം ഒരുത്തരെയും പെട്ടെന്നു തള്ളിക്കളയുന്നില്ലെന്നും മറ്റുമുള്ള അനേക സംഗതികൾ നാം നന്നായി ഗ്രഹിക്കേണ്ടതാണ്. അങ്ങിനെ ഗ്രഹിക്കുന്നതിന്റെ ഫലമായി അന്യോന്യം സ്നേഹവും സഹതാപവും ഉണ്ടായിരിക്കയും, അന്യോന്യം ക്ഷമയോടും കാരുണ്യത്തോടും കൂടി വർത്തിക്കുന്നതിനുള്ള ചിത്തവൃത്തിയെ പ്രാപിക്കുകയും ചെയ്യേണ്ടതു അത്യാവശ്യകമാണ്. അങ്ങിനെയുള്ള സ്ഥിതിയെ പ്രാപിക്കുന്നതിനു നമുക്കു ധാരാളം ഹൃദയവിശാലതയുണ്ടായിരിക്കേണ്ടതാണ്.

വിശാലമായ ഹൃദയം കൂടാതെതന്നെ നമുക്ക് പല സൽകൃത്യങ്ങളും ചെയ്യാൻ സാധിക്കും. സത്യം പറയുന്നതിനും മോഷ്ടിക്കാതിരിക്കുന്നതിനും മറ്റും കുറെ മനക്കരുത്തു മാത്രം മതി. എന്നാൽ അന്യരുടെ വികടതകളെ വകവയ്ക്കാതെ അവരെ കരുണാപൂർവ്വം ഹാർദ്ദമായി സ്നേഹിക്കുന്നതിനും, നമ്മുടെ പ്രത്യേക ആവശ്യങ്ങളെ ഉപേക്ഷിച്ചുപോലും അന്യരെ സഹായിക്കുന്നതിനും അവരുടെ പ്രയാസങ്ങളെ ശരിയായി ധരിക്കുന്നതിനും, നമ്മുടെ സഹോദരങ്ങളുടെ ജീവിതം കഴിയുന്നിടത്തോളം പ്രയാസമില്ലാത്തതാക്കിത്തീർക്കുന്നതിനു പ്രയത്നിക്കുന്നതിനും, ഇങ്ങനെ പരസ്നേഹത്താൽ പ്രേരിതരായി ജീവിതത്തെ അന്യരുടെ ഉണർത്തിനായി സമർപ്പിക്കുന്നതിനു വേണ്ടുന്ന മനസ്ഥിതിയും, അതിനു വേണ്ട താല്പര്യവും, അതിലുള്ള ഉൽക്ഷവും ഉണ്ടാകണമെങ്കിൽ വളരെ വിശാലമായ ഒരു ഹൃദയം ഉണ്ടായിരുന്നാൽ മാത്രമേ സാധിക്കയുള്ളൂ. അതിന്റെ അഭാവമാണ് നാം ലോകത്തിൽ എല്ലായ്പോഴുംതന്നെ കണ്ടുവരുന്ന പരദ്വേഷത്തിന്റെയും അതിൽനിന്നുള്ള ദുർഗ്രഹണങ്ങളുടെയും പ്രധാനകാരണം. അന്യരുടെ പ്രയാസങ്ങളെ ഗ്രഹിക്കുന്നതിനുദ്യമിക്കാതിരിക്കുകയും അതിനാൽ അന്യരുടെ അഭിപ്രായങ്ങളിൽ നമ്മുടെ അഭിപ്രായങ്ങളോടു യോജിക്കാത്തവ വല്ലതുമുണ്ടെങ്കിൽ അവരെ നിന്ദിക്കുക, നാം പറയുന്നതു മാത്രമാണ് ശരിയെന്നു ഭാവിക്കുക, ഇവയെല്ലാം ഇടുങ്ങിയ ഹൃദയത്തിന്റെ ചേഷ്ടകൾ മാത്രമാണ്.

ഹൃദയത്തിന്റെ ഇടുക്കവും വിശാലതയും, മതം, സന്മാർഗ്ഗം, രാജ്യഭരണം സമുദായസേവനം, എന്നിവയിൽ പ്രത്യേകം കാണാവുന്നതാണ്. മതതീക്ഷ്ണത വളരെ ആദരണീയമാണെങ്കിലും അന്യരുടെ വികാരഗതികളെ നിശ്ശേഷം അവഗണിച്ചുള്ള സമ്പ്രദായങ്ങൾ ത്യാജ്യങ്ങളെന്നുമാത്രമല്ല, നിന്ദ്യങ്ങളും കൂടിയാകുന്നു. നമ്മുടെ അഭിപ്രായങ്ങളിൽ നാം വിശ്വസിക്കുന്നതിനും സ്ഥിരമായിരിക്കുന്നതിനും തരക്കേടില്ലെന്നല്ല, വേണ്ടതും ആകുന്നു. എന്നാൽ അതുകൊണ്ടു നാം മറ്റുള്ളവരുടെ അഭിപ്രായങ്ങളെ അപഹസിക്കുകയും നിന്ദിക്കുകയും ചെയ്യുന്നതു ഒരിക്കലും അഭിലഷണീയമല്ല. മതസംബന്ധമായ സംഗതികളിൽ സ്വകാര്യലാഭത്തെമാത്രം ഉദ്ദേശിച്ചു പ്രവർത്തിക്കുന്നതു തീർച്ചയായും നികൃഷ്ടം തന്നെ. പക്ഷെ സത്യാന്വേഷണത്തിൽ വാസ്തവമായ താല്പര്യത്തോടെ പ്രയത്നിച്ചിട്ടും നമ്മിൽ നിന്നു വ്യത്യസ്തമായ ഒരു നിലയെ പ്രാപിക്കുന്നവരെപ്പറ്റി നാം ചീത്തയായി വിചാരിക്കുകയോ പറയുകയോ ഒരിക്കലും ചെയ്കൂടാത്തതാകുന്നു. അവരിൽ അബദ്ധങ്ങളായി നമുക്കു തോന്നുന്ന

വയെ അവരെ പറഞ്ഞു ധരിപ്പിക്കാൻ നാം ശ്രമിക്കേണ്ടതാണ്. പക്ഷെ അങ്ങിനെയുള്ള ശ്രമത്തിൽ അവരുടെ അഭിപ്രായങ്ങളെ അപഹസിക്കുന്നതു നമ്മുടെ ഉദ്ദേശസാദ്ധ്യത്തിനു വിഘ്നമാവുകയും മനുഷ്യർ തമ്മിൽ ഭിന്നതയുണ്ടാകുകയും മാത്രമേ ചെയ്യുകയുള്ളു.

പക്ഷെ സാധാരണയായി നാം കണ്ടുവരുന്നതു് ഒരഭിപ്രായത്തിലുള്ള വൈരാഗ്യം മറ്റുള്ളവയേയും മറ്റുള്ളവരേയും പൂരിക്കുന്നതിനും നിന്ദിക്കുന്നതിനും ഇടയാക്കുന്നതാണ്. ഇതിന്റെ കാരണം ഹൃദയവിശാലതയുടെ കുറവും, അറിവും ആലോചനയും ഇല്ലായ്കയും തന്നെയാണെന്നുള്ളതിനു സംശയമില്ല. ഒരു ചെറിയ ഉദാഹരണം ഇവിടെയെടുക്കാം. ഒരു പുരുഷനോ സ്ത്രീക്കോ വിവാഹംചെയ്യാതെ അല്ലാതെയോ ജീവിതം കഴിക്കാം. ഈ രണ്ടു തരത്തിലുള്ള ജീവിതസമ്പ്രദായങ്ങൾക്കും അവയുടെ പ്രത്യേക ഗുണദോഷങ്ങൾ ഉണ്ട്. അതിനാൽ ഈ രീതികളിൽ ഏതിൻപ്രകാരം അവരവരെ സ്വതന്ത്രം മറ്റവരെ അധിക്ഷേപിച്ചും ധാരാളം സംസാരിക്കാറുണ്ടതാണ്. അങ്ങിനെ സംസാരിക്കുന്നതുണ്ട്. പക്ഷെ അതിൽ ഏറ്റവും കഷ്ടതരമായിട്ടുള്ളതു് ഏതെങ്കിലും ജീവിതക്രമത്തെ സ്വീകരിച്ചു കഴിഞ്ഞതിനുശേഷംപോലും മറ്റു ചിലക്ക് ആ ജീവിതക്രമത്തെ അപഹസിക്കുന്നതിനു വിചാരക്രമരാഹിത്യവും കുത്സിതബുദ്ധിയും വേണ്ടുവോളം ഉള്ളതാണ്. ഇതിന്റെ കാരണമെന്തു്?

അതുപോലെതന്നെ രാഷ്ട്രീയമായും സാമുദായികമായും ഉള്ള സംഗതികളിലും അന്യോന്യം വിരുദ്ധങ്ങൾ അസഹനീയങ്ങൾ തന്നെ. ഇവയിൽ ഏറ്റവും നിന്ദ്യമായി കരുതേണ്ടതു ചിലർ മറ്റൊരോരുത്തർ ഓരോന്നു ചെയ്യുന്നതിനുള്ള ഉദ്ദേശങ്ങളെ നിർണ്ണയിക്കുന്നതിനു ചെയ്യുന്ന ശ്രമങ്ങളാണ്. ഒരാളുടെ അഭിപ്രായഗതികൾ ഇന്നയിന്ന ഉദ്ദേശങ്ങളോടുകൂടിയാണെന്നു മറ്റുചിലർ സമർത്ഥിക്കുന്നതു കേട്ടാൽ അതിശയനീയം തന്നെയായിരിക്കും. എന്നാൽ മറ്റൊരാളുടെ പ്രവൃത്തികൾക്കു് ചിത്തഉദ്ദേശങ്ങളെ കല്പിക്കുന്നിടത്തോളം നികൃഷ്ടമായ സംഗതിയില്ലെന്നു് കർത്തിനാൾ വൂമാൻ എവിടെയോ പറഞ്ഞിട്ടുള്ളതു വളരെ വാസ്തവമാണ്. അങ്ങിനെ ചെയ്യുന്നതിനാൽ ഏറ്റവും പാവനങ്ങളായ ഉദ്ദേശങ്ങളോടുകൂടി ആരംഭിച്ചിട്ടുള്ള ചില പ്രവൃത്തികൾ പോലും മറ്റു വിധത്തിൽ വ്യാഖ്യാനിക്കപ്പെട്ടുന്നതിനു് ഇടയാവുകയും അതിനാൽ പലർക്കും വല്ലാതായ മനോവേദനയ്ക്കു് അന്യായമായ കാരണമുണ്ടാവുകയും ചെയ്യുന്നു. ഇവയൊക്കെയും നമുക്കു നമ്മുടെ സഹജീവികളുടെ അറിവുകുറവുകളെ വിസ്മരിച്ചു് അവരെ സ്നേഹിക്കുന്നതിനു വേണ്ട ഹൃദയവിശാലത ഇല്ലായ്കതന്നെയാകുന്നു.

എന്നാൽ ഏറ്റവും ഉന്നതമായ ഒരു ജീവിതത്തിനു ലോകത്തിലുള്ള അനേകം ഗുണങ്ങളേയും അഭേദ്യങ്ങളേയും സഹിക്കുന്നതിനുള്ള ശക്തിയുണ്ടായിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ലോകത്തിൽനിന്നു പിൻവലിഞ്ഞുള്ള ഒരു ജീവിതത്തെ അനുകരിക്കേണ്ടിവരും. ക്രിസ്തുവിന്റെ സുവിശേഷം വായിക്കുന്ന ഏവനും അതിൽ മുഴുങ്ങിക്കാണിച്ചിരിക്കുന്ന ജീവിതാശയങ്ങൾക്കു വളരെ വിശാലമായ ഒരു ഹൃദയം അത്യാവശ്യമെന്നു മനസ്സിലാകുന്നതാണ്. പുണ്യജീവിയായ ഒരു സാധാരണ മനുഷ്യൻ മഗ്ദലേനാമറിയത്തിനോടു ക്രിസ്തു പെരുമാറിയതുപോലെ പെരുമാറുമോ എന്നുള്ളതു വളരെ സംശയാവഹമാണ്. ക്രിസ്തുവിന്റെ ആ പ്രവൃത്തി ഹൃദയവിശാലതയുടെ ഒരു ഉന്നതമായ ഉദാഹരണമായിരുന്നു. ക്രിസ്തുവിന്റെ ഓരോ പ്രവൃത്തിയും ഇതേവിധത്തിൽ തന്നെയുള്ളവയായിരുന്നു. പക്ഷെ മനുഷ്യരുടെ ക്ഷമാഹീനതയും കാരുണ്യക്കുറവിനും അവയൊക്കെയും ദുഷ്പ്രാപ്യമായി തോന്നിയേക്കാം. എന്നാൽ അങ്ങിനെയുള്ള പ്രവൃത്തികളെ ചെയ്യുന്നതിനു പ്രാപ്തരാകാൻ ശ്രമിക്കുന്നതായിരിക്കും ഏറ്റവും ഉത്തമമായ ജീവിതശ്രമം.

പരലോകമോക്ഷയാത്ര.

(തുടർച്ച)

(സി. കെ. നാരായണപിള്ള, കോട്ടയം)

'മോഹനശാസ്ത്രീ' പറഞ്ഞുതുടങ്ങിനാൻ "മോഹങ്ങളെ നീ ചൊന്നതെല്ലാം
തൽകേട്ടീ ഭാരമിന്നെങ്ങിനെ വന്നിതെന്നാകുലമെന്നേ പറക നീയും."
"ശ്രദ്ധം കരത്തിലിരിക്കുന്നതേകമാ പാവനനാരദൻ കൊട്ടത്തതിനെ
വായ ചുറ്റിത്തെ"ന്ന കൃഷ്ണനും വിജയനിൽ മേലിച്ചു വീണ്ടും പറഞ്ഞാനവൻ.
ശ്രദ്ധമായ ഞാനെ ഞാനും വിചാരിച്ചു ഭഗവാൻകവചമുണ്ടാം
സാധിപ്പാനാകാത്ത കാര്യങ്ങളൊരിച്ചാൽ ബാധ്യരായ് തീരുമെന്നതായ്.
ശ്രീശയനായ് നീളുന്നും പടിച്ചിനിപ്പാപ്പനത്തിൻ കോട്ടയും പെട്ടികൊണ്ട
വൃഹം കരിഞ്ഞൊരു ശവനെപ്പോവണ്ട പാച്ചിൽ തുടങ്ങുന്ന കണ്ടു ഭൂതൻ
ഹാഹാ സഹിയാണ്ടു തണ്ണീർ കുടിപ്പാൻ പോകുന്നോ കാണാൻ ജലത്തുള്ളിയും."
വേണമെന്നാകിൽ ഞാൻ വേണ്ടുന്ന മാർഗ്ഗം കാണിച്ചു തന്നിടാം സൌജന്യമായ്
ഒട്ടുമാകുമീ മാർഗ്ഗമനുഷ്ഠിച്ചു ഭൂലോകത്തൊന്നും സാധിച്ചിടേണ്ട
വാക്കുപറിച്ചെൻ മൊഴി കേൾക്കുകിൽ നിനക്കിനി വിശ്വമശേഷം ജയിക്കാം നൂനം.
സന്തുജികാളുനി സനാഥനെന്നുവാം പന്ഥാവിതെന്നാൽ നിനക്കുമേലിൽ
സന്തോഷസമ്പൂർണ്ണ സൌഖ്യമെന്നീവക സന്തതമുകുപായമൊന്നു
കൂടുന്നിക്ഷണംതൊണ്ടുപദേശം ചെയ്യ ഞാൻ ക്ഷിണതനിക്കുവാൻ നിശ്ചയിച്ചേനം."
ഈർഷ്യമാമേതൽ പ്രസംഗമക്കൃഷ്ണനെ മാർഗ്ഗത്തിൽ വിനിഞ്ഞിടുകിൽ പാരം.
അയ്യോ! പിഴച്ചുപോയ് സുധീരാ കൃഷ്ണനും പൊയ്യുരചെയ്യുന്നതെന്നാത്മ.
കത്തുമനസ്സനാൽ ചിത്രശലഭങ്ങൾ ഉത്തി വിണ്ടു തരിക്കും പോലെ.
ചിത്തവിമോഹിതനായവൻ മോഹിച്ചു "സത്യമോ നീ ചൊന്നതെല്ലാമിപ്പോൾ?
ഏത്തുവാനുള്ള ലേശത്തേക്ക മാർഗ്ഗമിത്രമെന്നെനിക്കുണ്ട വകുപ്പ
സത്താംബുരാശേ! ഭവാനുപദേശ ചിത്തശുകനീമാം പാലിച്ചാവു."
ബുദ്ധി പകുച്ചുള കൃഷ്ണൻ ചിത്താഹ്ലാദത്തിനു പാത്രമായി,
'ലോകഗതിയതുപോലും പരശതിക്കാകാത്ത കൃത്യങ്ങളില്ല മന്നിൽ'
ചാടുന്നുമോടിമാറുന്ന മൊതിക്കൻ വീതവിശ്വം പറഞ്ഞുവീണ്ടും
നന്നനന്നുള്ള നീ ചൊന്നതു നിന്നുടെ മനോഗുണമുകന്നിതു പ്രീതി
കാണുന്നുണ്ടു നിനക്കു ഞാൻ നേർവഴി നൂതനമായതു കേട്ടുകൊൾക.
'ലോകമുറ'യെന്ന പേർകൊണ്ട പട്ടണം നാകപുരിപോൽ ലസിച്ചിടുന്നു.
ന്യായശാസ്ത്രങ്ങളുശേഷം ഗ്രഹിച്ചവൻ "ന്യായനിഷ്ഠാത്മാവു" നിതിശാലി
വാഴുന്നവിടെയവനു നിൻ ഭാരത്തെ താഴത്തിറക്കുവാൻ സാധ്യമാകും.
ലക്ഷം ജനം വഴിതെറ്റിയിതുപോലെ യക്ഷമനുഷ്യരായ് വരുന്നവർക്ക
അക്ഷയസുഖം വരുവാനുപദേശം ശിക്ഷചെയ്യുവാൻ രക്ഷയേകും.
ഭാരം വഹിക്കയിലേറും പരിതാപം ദൂരികരിക്കുവാൻ യോഗ്യനവൻ
കാട്ടിലിരുട്ടത്തു പെട്ട വലയുന്ന കുട്ടിക്കു ദിപം ലഭിക്കുംപോലെ
ശ്രേഷ്ഠനവൻ തന്നെറ കുട്ടു നിനക്കുള്ള കഷ്ടകാലത്തെക്കുയുമല്ലോ.
ആയവൻ തന്നെശ്ശരണമായ് പ്രാപിച്ചു സീമാതീതാനന്ദം വാഴ്ക നിയും.
ദൂരവുമിന്നൊരു നാഴിക പോരുമെ സാദനവൻ പുരി പൂകുവാനായ്
"ശാന്തി"യില്ലെങ്കിലവൻറെ സുതനായ സൂത്രിയാ "മാചാരി"യുണ്ടവിടെ
താതനോടും തന്നെ ചാതുര്യമുണ്ടവനേതിനുമെന്ന ജഗൽപ്രസിദ്ധം
ആകയാൽ വീണ്ടും നിന്നാലയം പ്രാപിപ്പാനാകാ നിനക്കെന്നു തോന്നുന്നെങ്കിൽ
നല്ലൊരു ശാന്തി തൻ പത്തനെ വാഴ്ക നീയല്ലശേഷമതെന്ന മേലിൽ
ഇല്ലത്തു നിന്നുടെ പോയി ഞാൻ ചൊല്ലുവൻ വല്ലയോടും ശിശുക്കളോടും
വല്ലനോയ നി നല്ല സുഖത്തോടും ശല്യമൊഴിഞ്ഞു വാണിടുന്നെന്ന
വേണമെന്നാകിലവരേയുമിന്നു ഞാൻ കാണിക്കുണേന നിൻ ചാരത്താക്കാം.
അസ്ഥലമെത്തിയാൽ സ്വസ്ഥത നിങ്ങൾക്ക വർജ്ജിക്കുമെന്നതിനില്ല വാക്കം.
വസ്തുക്കൾ, ധാന്യങ്ങൾ. വസ്ത്രങ്ങളിവകയൊത്തപോൽ സാഭ്യമവിടെ നിത്യം
അന്നപാനാദികളൊന്നിനും ഖിന്നതയിന്നില്ല ശോഭനമെല്ലാം കൊണ്ടും.
സാമർത്ഥ്യമേറുന്ന ജനങ്ങളുണ്ടാം തെ സിമയില്ലാതൊരു കീർത്തിയുണ്ടാം.
സത്യമതത്രമൽ ശ്രേഷ്ഠം മിന്നഹോ മിഥ്യയെന്നോതു നീശങ്കിക്കേണ്ട

കാലക്രമേണ കരിയുന്ന കോലങ്ങൾ താമസംവിനാ കൊടുക്കുവാനായി
മനോഹരമായ ചോരിച്ചുവപ്പൊട്ടു മോടിച്ചു നല്ലം നിറയ്ക്കേണം
രോഗം വരുത്തുവാൻ യാതൊരിടർമനുഷ്യൻ ചോകുന്ന വാഴ്വാനപ്പുറമിൽ
"സർവ്വങ്ങൾക്കുമധിപനെ സംസൃഷ്ടിച്ചവനിയിൽ വാഴുവോനേകനെന്നാൽ
ഗുരുകന്നാമവൻ മാത്രമാർ മാറ്റിന്നർഹനെ"ന്നതെയുറപ്പിച്ചെയ്യ,
സദ്ഗുരുനാകും മിത്രമിവനെന്നുള്ള സദ്വിശ്വത്തിലും സാധുവാകും.

വ്യാകരണം ഭാഷയെ അനുസരിക്കണമോ? ഭാഷ വ്യാകരണത്തെ അനുസരിക്കണമോ?

(പണ്ഡിറ്റർ എ. ജോസഫ്)

ഭാഷ ഈശ്വരസൃഷ്ടമെന്നും, അതല്ല മനുഷ്യകൃതമെന്നും ഉള്ള വാദം ഇതുവരെ നിലച്ചിട്ടില്ലെങ്കിലും തല്ക്കാലം മനുഷ്യകൃതമെന്നുതന്നെ സങ്കല്പിച്ചുകൊണ്ടും; തൽസംബന്ധമായ യുക്തിവാദം ഇവിടെ അനപേക്ഷിതമാകയാൽ ഉപേക്ഷിച്ചുകൊണ്ടും പ്രകൃതത്തിലേക്കു പ്രവേശിക്കട്ടെ.

പ്രകൃത്യനുസരണമായോ, വികാരജന്യങ്ങളായോ ഉണ്ടാകുന്ന അംഗചലനങ്ങളെയും—ആംഗ്യങ്ങളെയും—; തദുപേക്ഷകമായോ തദുപേക്ഷ്യമായോ ഉൽഭൂതമാകുന്ന ശബ്ദവിശേഷങ്ങളെയും ഉപയോഗിച്ച് മനുഷ്യർ പരസ്പരം ആശയപ്രകടനം ചെയ്തുവന്നതായ ഒരു കാലമുണ്ടായിരുന്നു. ആശയപ്രകടനത്തിനു ശബ്ദങ്ങൾ മതിയാകാതെ വരുമ്പോൾ ആംഗ്യങ്ങളെയും, ആംഗ്യങ്ങൾ മതിയാകാതെ വരുമ്പോൾ ശബ്ദങ്ങളേയും; രണ്ടും ചേർത്തും; അക്കാലത്തുപയോഗിച്ചിരിക്കണം. ഇക്കാലത്തുപോലും കേവലം അഭിനയംകൂടാതെ സംസാരിക്കുന്നവർ എത്രയുണ്ട്. ഇന്ന് നാം പത്തു വാക്കുകളും, ആവശ്യമുള്ളിടത്തോളം ആംഗ്യങ്ങളും ഉപയോഗിച്ചു സാധിക്കുന്നതായ ഒരാശയപ്രകടനം രണ്ടുമൂന്നു വാക്കുകളും ബാക്കി മുഴുവനും ആംഗ്യങ്ങളും ഉപയോഗിച്ചോ; മുഴുവനും ആംഗ്യങ്ങൾ ഉപയോഗിച്ചോ; സാധിക്കേണ്ടതായി വന്നാലത്തെ സ്ഥിതി എത്ര പരിതാപകരമായിരിക്കും! ജീവിതകാലം മുഴുവൻ ഇതേരീതിയിൽ കഴിച്ചുകൂട്ടണമെന്നുണ്ടായിരുന്നാൽ എത്രയോ വൈഷമ്യങ്ങളാണ് നേരിടുന്നതു? നല്ല ഇരുട്ടുള്ള ഒരു രാത്രിയിൽ ഒരാശയത്തെ മറ്റൊരുത്തനെ ഗ്രഹിപ്പിക്കേണ്ടതായ അത്യാവശ്യം നേരിടുകയും, അതിലേക്ക് വാക്കുകൾ മതിയാകാതെ വരികയും ചെയ്താലത്തെ സ്ഥിതി എത്രയോ വൈഷമ്യമുള്ളതായിരിക്കും! ഇക്കാലത്തുപോലും ശരിയായ ഭാഷയില്ലാതെയിരിക്കുന്ന അപരിഷ്കൃത സംഘങ്ങളിൽ ഈ മാതിരി അബദ്ധം പിണയാവുന്നതല്ലേ?

ഇപ്രകാരം സപ്രകൃത്യനിർവ്വഹണത്തിനു നിർവ്വാഹമില്ലാതിരുന്ന ഒരവസ്ഥ എല്ലാ ഭാഷകൾക്കുമുണ്ടായിരുന്നു. ഈ അവസരത്തെ ഭാഷയുടെ ആദിഘട്ടമായി കരുതാം.

നൂതനശബ്ദങ്ങളുടെ ആവിർഭാവത്തോടുകൂടി ഈവക വൈഷമ്യങ്ങൾ ക്രമേണ കുറഞ്ഞിരിക്കണം. വരമൊഴി വന്നുചേരുന്നതോടുകൂടി മിക്കവാറും അത്യാവശ്യമുള്ള വാക്കുകളെങ്കിലും സിദ്ധിച്ചുകഴിഞ്ഞിരിക്കുമെന്നുള്ള വിവക്ഷ കേവലം അസ്ഥാനത്തിലാകയില്ലല്ലോ?

ഈ ഘട്ടത്തിലും വ്യാകരണമുത്ഭവിച്ചിരിക്കയില്ല. വരമൊഴി സാമാന്യം പ്രാബല്യത്തിലാകയും, വാക്കുകളുടെ കുറവുനിമിത്തമുണ്ടായിരുന്ന പ്രാരംഭവൈഷമ്യങ്ങളെങ്കിലും തീരുകയും ചെയ്തതോടുകൂടിയായിരിക്കണം വ്യാകരണത്തിന്റെ ഉത്ഭവവും. മലയാളത്തിലെ ആദ്യവ്യാകരണമായി കരുതിപ്പോരുന്ന 'ലീലാതിലക'ത്തിന്റെ കാലത്തെ ഭാഷയുടെ സ്ഥിതി ഈ അഭിപ്രായത്തിനു സഹായമായിരിക്കുന്നു.

ആകയാൽ ഒരു ഭാഷയുരുവിച്ചു് വളരെക്കാലം കഴിഞ്ഞതിനുശേഷമാണു് വ്യാകരണം ഉണ്ടാവിക്കുന്നതെന്നു സിദ്ധിക്കുന്നു. ഓരോ ഭാഷയുടെയും സ്ഥിതിഗതികളെ അടിസ്ഥാനപ്പെടുത്തിയായിരിക്കണം അതാതു ഭാഷയിൽ വ്യാകരണം നിർമ്മിക്കുന്നതു്. വിവിധ ഭാഷാവ്യാകരണങ്ങൾ അധികമല്ലെങ്കിലും വ്യത്യസ്തങ്ങളായും, ആ വക വ്യത്യാസങ്ങൾ അതതു ഭാഷകളുടെ പ്രത്യേകരീതിക്കു പ്രയോജനപ്രദമായും കാണുന്നതും ഇതുകൊണ്ടായിരിക്കണം.

വ്യാകരണാവിർഭാവാനന്തരം, ഭാഷാവ്യാകരണങ്ങളുടെ ജീവിതത്തെ ഭാര്യാഭർതൃജീവിതത്തോടു തുലനപ്പെടുത്താം.

'വധു'വായ ഭാഷ 'വര'നായ വ്യാകരണസമേതം ദ്വിതീയഘട്ടത്തിലേക്കു പ്രവേശിക്കുന്നു. വരവരണത്തിനു മുമ്പു് അഭ്യസിച്ചിട്ടുള്ള താരോന്നിതപങ്ങളൊന്നും പിന്നീടു് സ്വീകാര്യമാകുന്നില്ല. 'പർണ്ണഡവേദ്യാ' മുതലായ സ്വാതന്ത്ര്യങ്ങളൊന്നും വരഭൂയിഷ്ഠാ സ്വീകാര്യമാകാത്തതിനാൽ വധുവിനും ഉപേക്ഷിക്കേണ്ടതായി വന്നുഭവിക്കുന്നു. വരനിർദ്ദിഷ്ടമായ വഴി പിഴച്ചാൽ അബദ്ധം തന്നെ. ഇന്നിന്ന സംഗതികൾ ഇന്നിന്നവിധം വേണം; അവതന്നെ ഇന്നിന്ന സന്ദർഭങ്ങളിൽ ഇന്നിന്നപോലെയും ആവാം; എങ്കിലും അതു് ഒരിടത്തും പാടില്ലാ; ഇതുകൂടി വന്നാൽ അതൊട്ടും പാടില്ല; എന്നൊക്കെയുള്ള ചിട്ടകൾ അനുസരിച്ചുകൊണ്ടു പോകയെന്നതു് ഒരു വിഷമമെങ്കിലും അനുസരിക്കാതെ നിവൃത്തിയില്ലെന്നായി. ഇങ്ങനെ ദ്വിതീയഘട്ടം മുഴുവൻ വ്യാകരണം ഭാഷയെ ഭരിക്കുന്നു. 'ഒരു ഭാഷയെ തെറ്റുകൂടാതെ ഉപയോഗിക്കുന്നതിനുള്ള നിയമങ്ങളെ പ്രതിപാദിക്കുന്ന ശാസ്ത്രം വ്യാകരണം' എന്നുള്ള നിർവചനം തന്നെ ഭാഷയിൽ വ്യാകരണഭരണത്തിന്റെ പ്രാഭവത്തെ വേണ്ടവണ്ണം തെളിയിക്കുന്നുണ്ടല്ലോ.

എന്നാൽ ദിവസംതോറുമെന്നപോലെ വാക്കുകളും ആശയങ്ങളും വർദ്ധിക്കുന്നതോടുകൂടി നാനാമുഖമായി വിസ്തൃതി പ്രാപിക്കുന്ന സാഹിത്യത്തെ ഭരിച്ചുകൊണ്ടു പോകുന്നതിനു വ്യാകരണനിയമങ്ങൾ പോരാതെ വരുന്നു. തൻമൂലം വ്യാകരണത്തിന്റെ പിടിവിട്ടു് ഭാഷ കുതിച്ചുയരുന്നതോടുകൂടി തൃതീയഘട്ടത്തിലേക്കു് പ്രവേശിക്കുന്നു.

തൽക്കാലസ്ഥിതിക്കു്, വന്നുചേരുന്ന ആശയപ്രകടനത്തിനാവശ്യപ്പെടുന്ന ധാരാവാഹിയായ പ്രയോഗങ്ങൾക്കും മറവും പ്രതിബന്ധമായിത്തീരുന്നതിനാൽ വ്യാകരണനിയമങ്ങൾ നോക്കുകയേ വേണ്ടെന്നു പോലും ചിലർക്കു അഭിപ്രായമുള്ളതായി തോന്നുന്നു. എങ്കിലും വ്യാകരണം ഉപേക്ഷിക്കപ്പെട്ടുന്നില്ല. അതിന്റെ പ്രാബല്യം ക്രമേണ കുറഞ്ഞു വരുന്നു എന്നു മാത്രമേ ഉള്ളൂ.

ഈ സന്ദർഭത്തിൽ; കാലാനുസൃതമായി നിയമങ്ങളെ ഭേദപ്പെടുത്തി വ്യാകരണത്തെ ഭാഷാഭരണത്തിനു ശക്തമാക്കിത്തീർക്കാവുന്നതും, തീർക്കേണ്ടതുമാണു്.

വിവിധമാർഗ്ഗങ്ങളിലൂടെ പ്രവഹിച്ചു വരുന്ന സ്വാതന്ത്ര്യപ്രയോഗങ്ങളേയും മറവും വേണ്ടവിധം നിയന്ത്രിക്കുന്നതിനുള്ള ഒരു ശക്തിയില്ലെങ്കിൽ ഭാഷാസാമ്രാജ്യം എത്രവളരെ വർഷങ്ങളായിത്തീരുമെന്നുള്ളതിനു് പരേതനായ സാഹിത്യനായകൻ കെ. രാമകൃഷ്ണപിള്ളയവർകളുടെ കാലത്തിനുപ്പുറവും ഇപ്പുറവുമുള്ള ഭാഷാസാഹിത്യസ്ഥിതി ഉദാഹരണമാണു്. ശ്രീമാൻ പിള്ളയവർകളുടെ കാലത്തു് തിരസ്കൃതോട്ടം കഴിച്ചും, അല്ലാതെയും ഇരുന്ന എത്രയോ നിർജ്ജീവ കൃതികളാണു് അദ്ദേഹത്തിന്റെ വിയോഗാനന്തരം രംഗപ്രവേശം ചെയ്തു് ഭാഷാവനിതയെ അസഹ്യപ്പെടുത്തുന്നതു്. കേരളപാണിനിതിരുമനസ്സുകൊണ്ടു് സ്വനിയമഗ്രന്ഥങ്ങളാൽ നേർവഴിയിൽ ഭാഷാഗതിയെ നിയന്ത്രിക്കയും മിസ്റ്റർ പിള്ളയവർകൾ മാർഗ്ഗശൈഥില്യാത്മം പുറപ്പെടുന്ന ദുഷ്ടവേഷങ്ങളെ ദൂരത്തകറ്റുകയും ചെയ്തിരുന്നില്ലെങ്കിൽ; കൈരളീവനിതയാകെ

ന്ന മാലനീലത കവികിങ്കരന്മാരുടെ വിക്രിയകളേറെ വളരെ മുമ്പുതന്നെ നിലംപതിച്ചുപോകുമായിരുന്നുവെന്നുള്ളതിനു തർക്കമില്ല.

ഇങ്ങനെ വിചിന്തനം ചെയ്യുമ്പോൾ, ഭാഷാവനിതയുടെ ഭർതൃസ്ഥാനം വഹിച്ച്, അവളുടെ അഭിവൃദ്ധിയെ ലക്ഷ്യമാക്കിക്കൊണ്ടാണ് വ്യാകരണം പ്രവൃത്തിച്ചിട്ടുള്ളതെന്നു സിദ്ധിക്കുന്നു. അതിനാൽ; ഭർത്താവില്ലാത്ത ഒരു കാലമുണ്ടായിരുന്നല്ലോ എന്നു കരുതി തൽക്കാലം നിരസിക്കയല്ല; തദാജ്ഞകളെ ശിരസാ വഹിച്ച് തദനുസാരം പ്രവർത്തിക്കുകയാണ് ഭാഷാവനിതയുടെ കടമ, അതുതന്നെയാണ് ഏതൊരു ഭാഷയുടേയും ശോഭനമായ ഭാവിയെ പ്രസന്നവും പ്രസൂനപൂർണമാക്കിത്തീർക്കുന്നത്.

പാത്രനിരൂപണങ്ങൾ.

(ശ്രീമതി പി. ഗോപാലപിള്ള.)

I

ബന്ധനസ്ഥനായ അനിരുദ്ധൻ.

അനുകൃതിമമായ വാസനാശക്തിയും അഭിവന്ദ്യമായ പ്രതിഭാവിലാസവുംകൊണ്ട് കേരളീയകവികുടെ കൂട്ടത്തിൽ അദ്വിതീയമായ സ്ഥാനത്തെ സമാർജ്ജിച്ചുകഴിഞ്ഞിട്ടുള്ള ഒരു മാന്യദേഹമാണല്ലോ ശ്രീമാൻ വള്ളത്തോൾ നാരായണമേനോൻ അവർകൾ. സ്വഭാഷയുടെ പരിപോഷണത്തിനായി അശ്രാന്തപരിശ്രമം ചെയ്തുപോരുന്ന മിസ്റ്റർ മേനോൻ തന്റെ തൂലികയെ വിവിധങ്ങളായ സാഹിത്യശാഖകളിൽ കൂടി പ്രതിദിവസം, അല്ല പ്രതിനിമിഷം തന്നെ വ്യാപരിച്ചുകൊണ്ടിരിക്കുന്നു. ഖണ്ഡകളി, നാടകം, തുള്ളൽപ്പാട്ട്, വഞ്ചിപ്പാട്ട്, ഗദ്യം, മഹാകാവ്യം, ഖണ്ഡകാവ്യം, എന്നിങ്ങനെയുള്ള എല്ലാ സാഹിത്യസരണികളിലും അദ്ദേഹത്തിന്റെ ശുദ്ധ വേണ്ടവണ്ണം പതിഞ്ഞിട്ടുണ്ടെന്ന് അദ്ദേഹമെഴുതിയിട്ടുള്ള കൃതിസമുച്ചയങ്ങൾ നമ്മെ മനസ്സിലാക്കുന്നുണ്ട്. എന്നാൽ സാഹിത്യദേവീമണ്ഡലത്തിൽ ഇത്രപ്രധാനമായ ഒരു സ്ഥാനം ചൊടുന്നനവേ വള്ളത്തോളിനു സിദ്ധിച്ചതു് അദ്ദേഹത്തിന്റെ രസനാരംഗത്തിൽ നിന്നും നിരർഗ്ഗളമായി പ്രവഹിച്ചിട്ടുള്ള ഏതാനും ഖണ്ഡകാവ്യങ്ങളുടെ പ്രസിദ്ധീകരണത്തോടുകൂടി മാത്രമാകുന്നു. ഗണപതി, ഒരു കുത്തു്, ശിഷ്യനും മകനും, ബധിരവിലാപം, മഗ്ദലനമറിയം, ബന്ധനസ്ഥനായ അനിരുദ്ധൻ, മുതലായവയത്രേ അവയിൽ സവ്വപ്രകാരേണയും ആദരണീയമായിട്ടുള്ളതു്. നമ്മുടെ നിരൂപണത്തിനു് ഇപ്പോൾ വിഷയീഭവിച്ചിട്ടുള്ള ഈ അനിരുദ്ധനാകട്ടെ, മിസ്റ്റർ മേനോന്റെ ഖണ്ഡകാവ്യങ്ങളിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്നു. യഥാർത്ഥമായ അനുരാഗത്തിന്റെ അമോഘമായ ദിവ്യതത്തെയാണ് പ്രസ്തുവ്യക്തിമുഖം കവിജനസാമാന്യത്തെ ഉൽബോധനം ചെയ്യുന്നതു്. അവസരോചിതങ്ങളായ ഓരോ രസങ്ങളേയും തന്മയതത്തോടുകൂടി വർണ്ണിക്കുന്നതിനു വള്ളത്തോളിനുള്ള സാമർത്ഥ്യവിശേഷം അനിരുദ്ധനിലെ ഓരോ പദ്യങ്ങളും നല്ലവണ്ണം വിളിച്ചു പറയുന്നുണ്ട്.

അനിരുദ്ധൻ നിരുദ്ധനായി കാരാഗൃഹത്തിലടയ്ക്കപ്പെട്ടശേഷം പിതൃമന്ത്രിയായ കുംഭാണ്ഡൻ ഉഷയുടെ അനുവാദപ്രകാരം അവളുടെ ഗൃഹത്തിൽ ചെന്ന് അവളെ സന്ദർശിക്കുന്നതായിട്ടാണ് കഥ ആരംഭിച്ചിരിക്കുന്നതു്. പ്രാണപ്രിയനായ അനിരുദ്ധൻ കാരാഗൃഹത്തിൽകിടന്നു കഷ്ടപ്പെടുമ്പോൾ പ്രേമവിഹ്വലയായ ഉഷയുടെ മനസ്ഥിതി എത്രയുണ്ടു് ദയനീയമായിരിക്കണം. നോക്കുക.

കുംഭാണ്ഡനാപ്തേ കുമാരികതൻ വിക്രമ-
സംഭാരവിപ്ലവമകുതിമ വത്സലതാൽ

വൻഭാഗ്യമോടുകണ്ടു, കുറച്ചുനേരം
സ്തംഭോന്മേഷിടനിന്ന നിഷധനിന്നാൾ.

ധീരധീരനായ ആ മന്ത്രിസത്തമനേക്കൂടി സ്തംഭനപ്പെടുത്തിയ സ്ഥിതിക്ക് ഉഷയുടെ മനോരൂപം എത്രമാത്രം ഭീമമായിരിക്കുമെന്നു വായനക്കാർക്ക് ഊഹിക്കാവുന്നതാണല്ലോ. അനുരാഗപരിതപ്തയായ നായിക പ്രിയതമന്റെ കാരാഗൃഹവാസാവസ്ഥിതിയിൽ 'ചിന്താശതക്ഷുഭിതയായിത്തീർന്നിട്ടും' വിചക്ഷണധൈര്യത്തോടുകൂടി കുംഭാണ്ഡനോടു ചെയ്യുന്ന ന്യായവാദങ്ങൾ ഏറ്റവും ചമൽക്കൃതങ്ങളും രസാത്മകങ്ങളുമായിത്തീർന്നിട്ടുണ്ട്.

ഞാനാഭയച്ചിഹ്നവരത്തിയതാണു തന്നെ–
ത്താനാക്രമിച്ചുനെഴുനുകയല്ല, ചെയ്ത
നാനാതാത്തിലപരാധമൊരാൾക്കു, ബന്ധ
സ്ഥാനാവുമന്യനു; മിതോചിതം പംശധർമ്മം.

അച്ഛാരുവീലനമജ്ഞാനിതനെന്നതന്നെ
വെച്ചാലുമെൻ പെരിയതെറ്റായിയുന്നതാണോ?
ക്ലേച്ഛോപലാവൃതമയ വർത്തനിയുമ്പു കാലു–
വെച്ചാലെ വിട്ടുനഗനെങ്കിനെ ശിക്ഷ നൽകും.

ഉഷയുടെ ഏതാദൃശങ്ങളായ ആ യുക്തിവാദങ്ങൾ നിമിത്തം കുംഭാണ്ഡർക്കുടി നെടുവീർപ്പിട്ടുപോയി. അല്പേഹത്തിന്റെ മറുപടി ആകട്ടെ;

× × × × × ×
× × × × × ×

ഇടാൻവായ്മുനരാഗനഭിക്ഷ വിഷം
കുടാതെതാഴമരവടിക്കുകയില്ല ദൈവം.

എന്നു തന്നെയുമല്ല,

ഏകാന്തരുഢമിഹ നിന്നനഘാനുരാഗം
സ്വീകായ്കുകോടിയിലിരിപ്പതുതന്നെ; പക്ഷേ
ഹേകായ്കുവേദിനി! യശോധനനാം നൃപന്റെ
ലോകാപവാദമഖിലോപരി ഗണ്യമല്ലീ?

എന്നുമായിരുന്നു. എങ്കിലും അഛന്റെ അരിശം ക്രമേണ കുറഞ്ഞുപോകുമെന്നും അപ്പോൾ ഈ കാര്യം വേണ്ടതുപോലെ അറിയിച്ചു ശരിപ്പെടുത്തിക്കൊള്ളാമെന്നും കൂടി മന്ത്രി അഭിപ്രായപ്പെട്ടു. പക്ഷേ, ഉഷയുടെ തല്ക്കാലമനഃസ്ഥിതി ഇതുകൊണ്ടൊന്നും ശാന്തമായിത്തീർന്നില്ല. തന്നിമിത്തം

ശോകോജ്ജ്വിയാണെന്നാരു ക്ഷതൻ ഹതജ്ഞവിതത്തി–
ലുകാംക്ഷയുണ്ട മമഖന്ധുജനത്തിനെങ്കിൽ
ഏകാകിയായ് പ്രിയനിരിക്കുമിടത്തിലൊന്നു–
പോകാൻ ഭവാനരുവദിക്കണമിപ്പൊഴെന്നെ.

എന്നു് അവൾ അഭ്യർത്ഥിക്കുന്നു. നിയമവൈരുദ്ധ്യത്താൽ ഈ അപേക്ഷ ഉപേക്ഷണീയമാണെങ്കിലും ഉഷയുടെ പേരിൽ കുംഭാണ്ഡനുള്ള വാത്സല്യപ്രകർഷത്താൽ മൗനമയനേരാദ്യം കൊടുക്കുകയും നായിക തുറുങ്കിനകത്തു ചെന്നു് കാമുകനെ കാണുകയും ചെയ്യുന്നു. ഈ ഘട്ടം കവിയുടെ കല്പനാബലത്താൽ പ്രത്യേകം പ്രശോഭിക്കുന്നുണ്ടെന്നു നിസ്സംശയം സമ്മതിച്ചേ കഴിയൂ. കാരാഗൃഹത്തിൽ കിടക്കുന്ന പ്രിയതമനെ കാണുമ്പോൾ ഉഷക്കുണ്ടായ വികാരത്തെ കവി വർണ്ണിക്കുന്നതു നോക്കുക.

കാരാഗൃഹത്തിലിരുളിൽപ്പുതുകൊണ്ടൽ മൂടും
താരാധിനായകനെ മുഗ്ധചകോരിപോലെ
പേരാർന്നിടും പ്രിയതനെ ബത! കണ്ട താപ–
ഭാരാൽ കുമാരികയുതായൊരവസ്ഥ തേടി.

ഉഷയുടെ ഈ നില അനിരുദ്ധനെ കുറേക്കൂടി വേദനപ്പെടുത്തിയിരിക്കണം. യഥാർത്ഥമായ പ്രേമത്തിന്റെ 'തുള്ളിച്ചയാൽ' മതിമറന്നുപോയ അവളുടെ ഈ സംരംഭത്തെ

താരാവമാനകരമാകിയ ഭൃത്യമെന്നു!
വീതാഘമാം കലി ധൃജനമെന്നുമേ!

എന്ന ഉപദേശത്താൽ അനിരുദ്ധൻ നിരോധനം ചെയ്യുന്നുണ്ട്. എന്നതന്നെയുമല്ല, എല്ലാ വിപത്തുകളും വിഘ്നങ്ങളും വാനുവമായ അനുരാഗം നായികയിൽ പ്രത്യക്ഷീകരിച്ചിരിക്കെ ശിഥിലതമങ്ങളാണെന്നും അദ്ദേഹം ചേലമായി ഊഹിക്കുന്നു.

അനിരുദ്ധന്റെ അകളങ്കിതവും സുപ്രസന്നവുമായ അനുരാഗത്തിന്റെ മാറ്റ് ഏതുവിധത്തിലിരിക്കുന്നു എന്നാണ് ഇനി നമുക്ക് ആലോചിക്കേണ്ടത്. നോക്കുക; അദ്ദേഹം ഉഷയോട് പറയുന്നത് ഇങ്ങനെ ആണ്.

പ്രാണാധി ഭർത്രി! കരയാപ്പുരിമുകനാനാ—
ബാണാഭിതാമുവതിനീയൊരു നെന്നുപോരും
ബാണാതമജ്ഞനയന നീരൊരു തുള്ളിപോരും
വീണാൽ സംപ്രതനിരുദ്ധനസാധ്യമക്കേ.

നായകനു നായികയുടെ മേൽ ഉണ്ടായിട്ടുള്ള പ്രേമത്തിന്റെ പരമകാഷ്ഠ ഇതു ഭംഗിയായി പ്രകാശിപ്പിക്കുന്നതിനു വള്ളത്തോളിന്റെ തൂലികക്കല്ലാതെ മറ്റേതൊരു കവിയുടെ തൂലികക്കാണ് ശക്തിയുള്ളത്. നായികയുടെ ആവലാതികളെ നിശ്ശേഷം തള്ളുന്നതിനു ശക്തിയില്ലാത്ത ആ അവസരത്തിൽപ്പോലും നായകൻ അവളെ ആശ്വസിപ്പിക്കുന്നതു ഇപ്രകാരമാണ്.

"ഹാ! വൻഭയാൽ തടവിൽനിന്നുമൊഴിച്ചു ചാടാൻ
ഭാവിക്കുകാണൊരു തപ്തരനോ സുശീലേ!

× × × × × ×

സ്വാന്തത്തിവിട്ട തിരിയെ നടക്കുകിൽ വേഗം
നാം താതശാപനിലംഘികളായ്വരുവല്ലോ."

ഇപ്രകാരം വിപ്രലംഭാവസ്ഥയാൽ തപ്തചിത്തന്മാരായ ആ ദമ്പതികൾ തങ്ങളുടെ ആദർശോപചയമായ അനുരാഗത്തിന്റെ ദിവ്യശക്തിയെ പ്രകാശിപ്പിക്കുന്നു. ഒടുവിൽ വളരെ ബദ്ധപ്പെട്ട് കാമുകൻ നായികയെ തുറുങ്കിൽനിന്നും യാത്രയാക്കുകയും കഥ അവസാനിക്കുകയും ചെയ്യുന്നു.

വള്ളത്തോൾ അനുഗ്രഹീതനായ ഒരു മഹാകവിയാണെന്ന് ഈ ഖണ്ഡകാവ്യം വായിക്കുന്ന ഏവരും സശിരഃകമ്പം സമ്മതിക്കാതെ കഴികയില്ല. സന്ദർഭാനുഗുണങ്ങളായ രസപ്രവാഹത്തിന് ഈ കൃതിയിലെ ഓരോരോ പദ്യങ്ങളും ഉത്തമദൃഷ്ടാന്തങ്ങളാകുന്നു. പ്രേമത്തിന്റെ പരിപാവനമായ നിലയേയും ശക്തിയേയും ഇത്രമാത്രം ഹൃദയസ്പൃക്കായി വർണ്ണിക്കുന്ന ഒരു അമൂല്യഗ്രന്ഥം നമ്മുടെ ഭാഷാഭണ്ഡാഗാരത്തിലേക്കു സമ്പാദിച്ചു തന്ന മിസ്റ്റർ വള്ളത്തോൾ ആജീവനാന്തം 'മലയാളികളുടെ' കൃതജ്ഞതയ്ക്കു പാത്രീഭൂതൻ തന്നെയാണ്! കൈരളിയുടെ പ്രാണപ്രിയനായ ഈ കവിതിലകൻ ചിരകാലം ജീവിച്ചിരുന്ന് ഇപ്രകാരം മകരന്ദനിഷ്യന്ദങ്ങളായ അനേകം കൃതികുസുമങ്ങളെ വിരചിച്ച് മലയാളത്തേയും മലയാളികളേയും അനുഗ്രഹിക്കുന്നതിനു സർവ്വശക്തനായ ജഗദീശ്വരനോടു പ്രാർത്ഥിച്ചുംകൊണ്ട് ഈ നിരൂപണം ഇവിടെ അവസാനിപ്പിച്ചുകൊള്ളുന്നു.

ക്രിസ്തുവിന്റെ സത്യ സഭ.

III.

(റവ. ജോസഫ് എം. മണ്ണാഞ്ചേരി)

പ്രോട്ടസ്റ്റണ്ടുമതത്തെപ്പോലെ തന്നെ ഒരു പ്രധാന സഭയായ ഗ്രീക്കുസഭയെപ്പറ്റി ഇനി നമുക്ക് എന്താണെന്നു പറവാനുള്ളതു്? അതിന്റെ ആരംഭം ഒമ്പതാംനൂറ്റാണ്ടിൽ ഫോത്തിയസിന്റെ കാലം മുതല്ലാണെന്നു് മുൻ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഗ്രീക്കുസഭ ഇതിനു മുമ്പുതന്നെ ഉണ്ടായിരുന്നുവെങ്കിലും അതു് ക്രൈസ്തവലോകത്തിന്റെ ഐക്യത്തിൽ നിന്നും വേർപിരിക്കപ്പെട്ടതു് ഒമ്പതാംനൂറ്റാണ്ടിൽ മാത്രമായിരുന്നു. കത്തോലിക്കാസഭയുടെ ഐക്യത്തിൽ നിന്നും പിരിഞ്ഞു് ഗ്രീക്കുസഭ ഒരു സ്വതന്ത്രസഭയായി പ്രഖ്യാപനം ചെയ്യപ്പെട്ട കാലംമുതൽ അതു് തായ്ത്തടിയിൽ നിന്നും മുറിച്ചുകളയപ്പെട്ട ശിഖരംകണക്കെ ശുഷ്കിക്കുമായും മൃതപ്രായമായും തീർന്നിരിക്കുന്നുവെന്നു പറയാം. ക്രൈസ്തവലോകത്തിന്റെ ഐക്യത്തിൽ നിന്നും പിരിഞ്ഞതു മുതൽ അതു് അന്നത്തെ രാഷ്ട്രീയസ്ഥിതിനിമിത്തമായി ലോകരാജാക്കന്മാരെയും ചക്രവർത്തികളെയും ശരണീകരിക്കേണ്ടി വന്നു. ഏതന്മൂലം മിശിഹായുടെ സഭയ്ക്കു് പ്രകൃത്യാ ഉള്ള സ്വാതന്ത്ര്യം ദുർവ്വൻ നഷ്ടപ്പെട്ടുത്തി ഈ സഭ ലൗകീകരാജാക്കന്മാരുടെയും ചക്രവർത്തികളുടെയും അടിമത്വത്തിൽ കഴിച്ചുകൂട്ടേണ്ടി വന്നിരിക്കുന്നു. ഇപ്പോൾ ഗ്രീക്കുസഭക്കാർ റഷ്യാ, ഗ്രീസ്, റുമേനിയാ, ബൾഗേറിയാ, മുതലായ കിഴക്കൻ ദേശങ്ങളെ അധിവസിച്ചുകൊണ്ടിരിക്കുന്നു. ഈ സഭകളെല്ലാം ഇപ്പോൾ ഓരോ രാജാക്കന്മാരുടേയും കീഴിൽ സ്ഥിതിചെയ്യുന്നുവെന്നല്ലാതെ ഇവയ്ക്കു് പൊതുവായിട്ടുള്ള ഒരു തലവൻ ഇല്ല തന്നെ. ഗ്രീക്കുസഭ അതിലെ അംഗങ്ങളുടെ സംഖ്യകൊണ്ടു് ക്രിസ്ത്യീയസഭകളുടെ കൂട്ടത്തിൽ വളരെ പ്രധാനമായ ഒരു സ്ഥാനം വഹിക്കുന്നുണ്ടു്. എങ്കിലും ഇതും പ്രോട്ടസ്റ്റണ്ടു സഭകൾ കണക്കെ മിശിഹായുടെ സത്യസഭയായിരിക്കുന്നില്ല; മിശിഹായുടെ സഭ സർവ്വജാതികൾക്കും വേണ്ടി സ്ഥാപിക്കപ്പെട്ടിരിക്കയാൽ എല്ലാരാജ്യക്കാർക്കും ജാതികൾക്കും അതിൽ പ്രവേശം ഉണ്ടായിരിക്കണം. എന്നാൽ ഗ്രീക്കുസഭക്കാർ കിഴക്കെ യൂറോപ്പിലും ഏഷ്യായിൽ ചില സ്ഥലങ്ങളിലും മാത്രമേ അധിവസിച്ചുകൊണ്ടിരിക്കുന്നുള്ള. "സർവ്വജാതികളോടും സുവിശേഷം അറിയിക്കുക" എന്ന കൃത്യത്തെ നിരന്തരമായി നിർവഹിച്ചുകൊണ്ടിരിക്കാത്ത യാതൊരുസഭയും മിശിഹായുടെ സത്യസഭയായിരിക്കുകയില്ല എന്നുള്ളതു് നിസ്സംശയം തന്നെ. ഈ സർവ്വപ്രധാനമായ ആജ്ഞയെ ഗ്രീക്കുസഭ നിർവഹിച്ചിട്ടില്ലെന്നും നിർവ്വഹിച്ചുകൊണ്ടിരിക്കുന്നില്ലെന്നും ഉള്ളതിനെപ്പറ്റി സംശയിക്കുന്നവർ ആരും ഉണ്ടാകയില്ലാ. അതുകൊണ്ടു് മിശിഹായുടെ സത്യവിശ്വാസത്തെ ലോകാവസാനത്തോളം സംരക്ഷിച്ചുകൊണ്ടുപോകുന്നതിനു് താൻ സ്ഥാപിച്ച സഭ ഗ്രീക്കുസഭയല്ലെന്നു് സിദ്ധിക്കുന്നു.

ഈ അവസരത്തിൽ യാക്കോബായസഭയ്ക്കു് ക്രിസ്തുവിന്റെ സഭയെന്നു വിളിക്കപ്പെടാൻ അർഹതയുണ്ടോയെന്നു് പരിചിന്തനം ചെയ്യേണ്ടതു് ആവശ്യമായി വന്നിരിക്കുന്നു. യാക്കോബായസഭയെ സ്ഥാപിച്ചതു് യാക്കോബ് എന്ന ഒരു മെത്രാനാണെന്നും ഇതിന്റെ സ്ഥാപനം ക്രിസ്താബ്ദം അഞ്ചാം നൂറ്റാണ്ടിലായിരുന്നുവെന്നും ചരിത്രംകൊണ്ടു തെളിയുന്നുണ്ടു്. ക്രിസ്തുവും അഞ്ചാംനൂറ്റാണ്ടിനുമുമ്പു് യാക്കോബായക്കാർ എന്ന ഒരു കൂട്ടം ക്രിസ്ത്യാനികൾ ലോകത്തിൽ ഉണ്ടായിരുന്നില്ലാ. ക്രിസ്തുവിന്റെ സഭ ക്രിസ്തുവിന്റെ കാലം മുതൽ ലോകത്തിൽ തുടർച്ചയായി ഉണ്ടായിരിക്കണം. എന്നാൽ യാക്കോബായ സഭയേക്കാൾ ക്രിസ്തുവിന്റെ സഭയ്ക്കു 450 കൊല്ലത്തെ പഴക്കം കൂടുതലായിട്ടുണ്ടു്. ക്രിസ്തു തന്റെ മതത്തെ സർവ്വലോകസാധാരണമായ ഒരു സഭയായിട്ടാണ് സ്ഥാപിച്ചതു്. ക്രിസ്തുവിന്റെ സഭ ലൗകികസാമ്രാജ്യങ്ങളെപ്പോലെ നിയന്ത്രിതമായ വിസ്തീർണ്ണ

യോടുകൂടിയതൊ യഹ്രദസഭയേപ്പോലെ ഒരു ജാതിയെ മാത്രം ഉദ്ദേശിച്ചിരിക്കുന്നതൊ അല്ലാ. രാജദീർഘദർശി ഈ മഹത്വമേറിയ സഭയേപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു. "ലോകത്തിന്റെ എല്ലാ അതൃത്തികളും കർത്താവിന്റെപക്കലേക്കു തിരിയും. പുറജാതികളെല്ലാവരും കർത്താവിന്റെ മുമ്പിൽ ആരാധിക്കും. എന്തെന്നാൽ രാജ്യം കർത്താവിന്റെതാകുന്നു. തനിക്കു സകലജാതികളുടെമേലും ആധിപത്യം ഉണ്ടായിരിക്കും." നമ്മുടെ ദിവ്യരക്ഷകൻ തന്റെ പ്രേഷകന്മാരെ സുവിശേഷം പ്രസംഗിക്കുന്നതിനയച്ചപ്പോൾ ലോകം മുഴുവനേയും അവക്കു രംഗസ്ഥലമായി ഏല്പിച്ചു കൊടുക്കയും മനുഷ്യവർഗ്ഗം മുഴുവനോടും ജാതിഭേദമൊ വർണ്ണഭേദമൊ കൂടാതെ സുവിശേഷം അറയിക്കുന്നതിനു അവരോടു് ആജ്ഞാപിക്കയും ചെയ്തു. ക്രിസ്തു സ്ഥാപിക്കാൻ ഉദ്ദേശിച്ച സഭ സർവ്വത്രികമായ ഒരു സഭയാണെന്നു താഴെ പറയുന്ന വേദവാക്യങ്ങളിൽ നിന്നും സ്പഷ്ടമാകുന്നു. "നിങ്ങൾ ലോകം മുഴുവനിലും പോയി സർവ്വസൃഷ്ടികളോടും സുവിശേഷം അറിയിപ്പിൻ." (മർക്കോസ്, 16 15) "നിങ്ങൾ എന്നെക്കുറിച്ചു് ഓറശ്ലമ്മിലും യൂദയാരാജ്യം മുഴുവനിലും സമറിയായിലും ലോകത്തിന്റെ അങ്ങെ അതൃത്തികൾ വരെയും സാക്ഷികളായിരിക്കും." (നടപടി, 18) ഈ ദീർഘദർശനങ്ങൾ എല്ലാം പൂർണ്ണമായി നിറവേറിയിരിക്കുന്നു. നമ്മുടെ കർത്താവിന്റെ മരണാനന്തരം മുപ്പതു സംവത്സരങ്ങൾ കഴിഞ്ഞപ്പോൾ പുറജാതിക്കാരുടെ ശ്ലീഹാ റോമാക്കാർക്കെഴുതിയ ലേഖനത്തിൽ ഇപ്രകാരം പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. 'നിങ്ങളുടെ വിശ്വാസം സർവ്വലോകങ്ങളിലും പ്രസിദ്ധമായിരിക്കയാൽ ഞാൻ എന്റെ ദൈവത്തിനു് യേശുക്രിസ്തു മുഖാന്തിരം സ്തോത്രം ചെയ്യുന്നു." ഈ വാക്യങ്ങളിൽ നിന്നും ക്രിസ്തുവിന്റെ സത്യസഭ എതാനും ചില സ്ഥലങ്ങളിൽ മാത്രം പ്രചാരം സിദ്ധിച്ചിട്ടുള്ള ഒരു സഭയായിരിക്കയില്ലായെന്നു നിസ്സംശയമായി അനുമാനിക്കാവുന്നതാണു്. യാക്കോബ്യായ സഭയ്ക്കു ചുരുക്കം സ്ഥലങ്ങളിലല്ലാതെ ലോകത്തിൽ എല്ലായിടത്തും പ്രചാരം സിദ്ധിച്ചിട്ടില്ലെന്നുള്ളതു് അവിതർക്കിതമാണെല്ലൊ. മേല്പറഞ്ഞ ന്യായങ്ങളാൽ യാക്കോബ്യായസഭ ക്രിസ്തുവിന്റെ സത്യസഭയല്ലെന്നു നിർവ്വിവാദമായി തെളിയുന്നു.

കൽദായപാത്രിയർക്കീസും മേലൂസ്സീസ്മയും.

V.

(സി. അന്ത്രപ്പായി ബി. എ.)

ഇതുവരെ പറഞ്ഞ വിവരങ്ങളാൽ മാർ തോമാസ് റോക്കോസ് മെത്രാന്റെ ആഗമനം മുതൽ കേരളത്തിലുണ്ടായ സിസ്മകളേയും അവയിൽ അവസാനത്തേതിന്റെ ഒരംശം നെസ്റ്റോറീസിയന്റെ പാഷണ്ഡമതമായി രൂപാന്തരപ്പെട്ട സംഗതിയേയും വായനക്കാർ അറിഞ്ഞിരിക്കുമല്ലൊ. റോക്കോസ്, മേലൂസ്, അബ്രാഹം എന്നിവർ കൽദായസുറിയാനിക്കാരായ റോമൻകത്തോലിക്ക മെത്രാന്മാരായിരുന്നു. അവരെ ഈ രാജ്യത്തേക്കു് 6-ാം ഔസേപ്പ് ഒന്നാമൻ പാത്രിയർക്കീസ് അയച്ചതു് ശരിയല്ലെന്നും അവർ ഇവിടെ അധ്യാത്മഭരണം ചെയ്തതു അധികാരാക്രമണം ആയിരുന്നു എന്നും ഉള്ള ആക്ഷേപങ്ങൾ മാത്രമെ ഉള്ളൂ. എങ്കിലും സീസുയിൽനിന്നു പാഷണ്ഡമതത്തിലേക്കുള്ള മാറ്റം സ്നിഗ്ധവും അവിച്ഛിന്നവും ആകുന്നു എന്നുള്ള ബുധവചനത്തിനു ഈ ചരിത്രം ഒരു ദൃഷ്ടാന്തമാണു്.

കൽദായ പാത്രിയർക്കീസും അദ്ദേഹത്തിന്റെ കീഴിലുള്ള മെത്രാന്മാരും കൂടി 1920 ഏപ്രിൽ 6-ാംനു റോമയിൽ വെച്ചു തിരുസിംഹാസനത്തിങ്കൽ ബോധിപ്പിച്ച അപ്പീലിൽ വിവരിച്ചിരിക്കുന്ന സംഗതികൾക്കും അവയെ പരസ്യമായി ഘടിപ്പിക്കുവാൻ പ്രയോഗിച്ചിട്ടുള്ള യുക്തിവാദങ്ങൾക്കും സാമാന്യത്തി

ധികം ശക്തിയുണ്ടെന്നു സമ്മതിക്കാതിരുന്നുകൂടാ. മാർ അബ്രഹാം എന്ന കൽദായ മെത്രാൻ 1597-ൽ മരിച്ച കാലംവരെ ബാബേലിലെ കൽദായ പാത്രിയക്കീസന്മാർ മലയാളത്തിലേക്കു മെത്രാന്മാരെ അയച്ചുകൊണ്ടിരുന്നു എന്നും, അവരെല്ലാവരും സത്യമതാനുയായികളായിരുന്നു എന്നും, ഏകദേശം ആ കാലത്തു—എന്നുവച്ചാൽ 1599-ൽ പൊർത്തുഗീസുകാരുടെ രാജശക്തിയുടെ ഉർധന്യം പ്രാപിച്ചിരുന്ന കാലത്തു—മെനേസീസ് എന്ന ഗോവ മെത്രാപ്പോലീത്ത ഉദയംപേരൂരിൽ ഒരു ദേശീയ സുനഹദോസ് വിളിച്ചുകൂട്ടി കൽദായ പ്രാർത്ഥനാക്രമത്തെ നിർത്തുവാൻ ഒരു വലിയ ശ്രമം ചെയ്തു എന്നുള്ള സംഗതികൾ പരമാർത്ഥമാകുന്നു. അപ്പീലിൽ വിവരിച്ചിട്ടുള്ള മുഖ്യകാര്യങ്ങളെ വളരെ സംക്ഷേപിച്ചു ഇവിടെ ഉദ്ധരിക്കുന്നതു യുക്തമെന്നു തോന്നുന്നു.

1. റോമാസിംഹാസനവും കൽദായ സഭയും തമ്മിൽ 1552-ൽ ഉണ്ടായ ഐക്യത്തിന്റെ ശേഷം മൂന്നാം ജൂലിയസ് മാർപാപ്പ സൂചക്കു് എന്ന ഒരു വൈദികനെ പാത്രിയക്കീസായി അഭിഷേകം ചെയ്യുകയും ഇൻഡ്യയിലുള്ള കൽദായക്രിസ്ത്യാനികളുടെ മേൽ അദ്ദേഹത്തിനു അധികാരം നൽകുകയും ചെയ്തു. ഏകദേശം മൂന്നു കൊല്ലം കഴിയുന്നതിനു മുമ്പു് സൂലാക്കു് പാത്രിയക്കീസ് വധിക്കപ്പെടുകയും ആ സ്ഥാനത്തു് നാലാം പൌലോസ് മാർപാപ്പ മാർ അബ്ദീശോ എന്ന ദേഹത്തെ നിയമിക്കയും ചെയ്തു. ഇദ്ദേഹം ആമീദിലെ മെത്രാപ്പോലീത്തയായിരുന്ന ഏലിയ ഹോർമേസ് അബീബാ ഹസമാർ എന്ന ദേഹത്തെ രണ്ടു ഡൊമിനിക്കൻ സന്യാസികളുടെ സഹായത്തോടുകൂടെ മലയാളത്തിലേക്കയച്ചു. ഇവരെ പൊർത്തുഗീസുരാജാവിന്റെ കൊച്ചിയിലെ പ്രതിപുരുഷൻ കാരാഗൃഹത്തിൽ ഇട്ടതറിഞ്ഞപ്പോൾ അബ്രഹാം എന്ന മറെറാരു മെത്രാനെ പാത്രിയക്കീസ് ഇവിടേക്കയച്ചു. അദ്ദേഹത്തെയും പൊർത്തുഗീസുകാർ വളരെ ഞെരുക്കി. ഈ സംഗതി നാലാം പൌലോസ് മാർപാപ്പ അറിഞ്ഞപ്പോൾ ഗോവ മെത്രാപ്പോലീത്തായ്ക്കും കൊച്ചി മെത്രാനും മേല്പറഞ്ഞ ഉപദ്രവങ്ങളെ വിഷയീകരിച്ചും മാർ അബ്രഹാം മെത്രാനെ അഭിനന്ദിച്ചും എഴുതുകയുണ്ടായി. മാർ അബ്രഹാം മെത്രാന്റെ അനുഗാമികളായി കൽദായ പാത്രിയക്കീസു അയച്ച വൈദികരെല്ലാവരെയും മലയാളത്തിൽ പ്രവേശിപ്പിക്കാതിരിക്കുന്നതിനു പൊർത്തുഗീസുകാർ സകല മാർഗ്ഗങ്ങളിലും കാവൽക്കാരെ സ്ഥാപിച്ചു എന്നു് ഒരു അഗസ്തീൻ സന്ന്യാസിയായ റവുളിൻ എന്ന ചരിത്രകാരൻ എഴുതിയിരിക്കുന്നു. മെനേസീസ് മെത്രാപ്പോലീത്തയാകട്ടെ മലയാളത്തിലെ ക്രിസ്ത്യാനികൾ ബഹുമാനപൂർവ്വം ആചരിച്ചുപോന്നിരുന്ന പ്രാർത്ഥനാക്രമത്തിൽ റോമാസിംഹാസനത്തിന്റെ സിദ്ധാന്തങ്ങൾക്കു വിരോധമായി അനേക ഭേദങ്ങൾ ചെയ്തുംവിലയേറിയ അനവധി കയ്യെഴുത്തു പുസ്തകങ്ങൾ അവനെസ്തോറിയൂസ മതം കലർന്നവയാണെന്നുള്ള ന്യായം പറഞ്ഞു നശിപ്പിക്കയും പ്രസ്തുതാരാധനാക്രമത്തിൽ കൽദായപാത്രിയക്കീസിന്റെ നാമം വിലക്കുകയും ചെയ്തു. ഈ കഠിനകർമ്മങ്ങളുടെ ഫലമായി ഉണ്ടായതു് ഏകസ്വഭാവവാദികളായ യാക്കോബായ മതക്കാരുടെ മലയാളരാജ്യത്തിലേക്കുള്ള പ്രവേശനമാണു്.

2. 1617 ജൂലായി 29-നു് അഞ്ചാം പൌലോസ് മാർപാപ്പ ഏഴാം ഏലിയ പാത്രിയക്കീസിനു എഴുതിയ ഒരെഴുത്തുകൊണ്ടു് പൊർത്തുഗീസുകാർ ഈ നാട്ടിലെ കൽദായമെത്രാന്മാർ പാഷണ്ഡന്മാരാണെന്നു അസത്യമായി തിരുസിംഹാസനത്തെ ഗ്രഹിപ്പിച്ചിട്ടുണ്ടായിരുന്നു എന്നു തെളിയുന്നുണ്ടു്. എന്നാൽ പൊർത്തുഗീസുകാർ ഈ വിധം ഞെരുക്കങ്ങൾ ചെയ്തതു് മതശുദ്ധിയിലുള്ള അവരുടെ ആസക്തികൊണ്ടല്ല, പിന്നെയോ മലയാളത്തിലെ ക്രിസ്ത്യാനികളെ കൽദായ പാത്രിയക്കീസന്മാരുടെ അധികാരത്തിൽനിന്നു പിൻവലിച്ചു് പൊർത്തുഗീസ്സധികാരത്തിനു കീഴ്പ്പെടുത്തണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയാണു്. എന്നാൽ കൽദായരിത്തു് നിലനില്ക്കുന്ന കാലത്തോളം ഇതു സാധിക്കുവാൻ പ്രയാസമെന്നു കണ്ടതിനാൽ രീതി മാറ്റി അതിനു ശ്ര

കരം ലാസീൻ റീത്തു് വാഴിക്കുവാൻ ശ്രമിച്ചു. ഇതിനെ കൊള്ളുന്നവർ കൾ വിസമ്മതം കാണിക്കയാൽ കൽദായരിൽനിന്നു് തന്നെ പട്ടക്കാരനെ വരിക്കുവാൻ തക്ക വിധത്തിൽ അവിടത്തെ രൂപം മാറിട്ടുണ്ടു്. എങ്കിലും അതു ഒന്നാ ഇപ്പോഴത്തെ അകൃത കൊണ്ടു് പൂർവ്വസ്ഥിതി എന്തായിരുന്നു എന്നു ഗ്രഹിക്കുവാൻ അഭിമാനമാക്കു പ്രയാസമില്ല.

3. ബാബേലിലെ പാത്രിക്കീസന്മാർ ഇൻഡ്യയിലേക്കയച്ച നിക്യാ സുനഹദോസിൽ ഇൻഡ്യയുടെയും പേർഷ്യയുടെയും പ്രാതിനിധ്യം വഹിച്ച മാർ യോഹന്നാൻ മെത്രാൻ മുതൽ 1597 വരെ മലയാളത്തെ ഭരിച്ച എല്ലാ കൽദായമെത്രാന്മാരുടെയും പട്ടിക ക്രമപ്രകാരം ചുവടുള്ളതിൽ നിന്നു് ശേഖരിക്കാവുന്നതാണു്.

4. ഉദയംപേരൂർ സുനഹദോസിൽവെച്ചു് കൽദായ പാത്രിയർക്കീസിനു മലയാളത്തിലുള്ള അധികാരം എടുക്കപ്പെട്ടതായി വിചാരിച്ചുപോരുന്നു എങ്കിലും ആ വിചാരം സാധുവല്ല. ആ സുനഹദോസിനു തിരുസിംഹാസനത്തിന്റെ അനുമതിയെ സമ്പാദിക്കുവാൻ സാധിച്ചിട്ടില്ല. ഉദയംപേരൂരിൽവെച്ചു പോർട്ടുഗീസുകാർ ചെയ്തതുപോലെ യാതൊരു പൌരസ്ത്യർത്തോകളേയും തങ്ങൾ സംഹാസനം പ്രവർത്തിച്ചിട്ടില്ല.

5. അപ്പോസ്തോലന്മാർ അനേക ജാതികളെ തങ്ങളുടെ പ്രസംഗംകൊണ്ടു സത്യമതത്തിൽ ചേർത്തതിനേയും അവർ ഓരോരുത്തരും അവനവരുടെ ഭാഷയിൽ തന്നെ തിരുസഭയുടെ ഐക്യത്തിനു ഹാനി വരുത്താതെ ഈശ്വരസ്തുതി ചെയ്തതിനേയും സുറിയാനിയെ കീഴ്ക്കണ്ടു വിട്ടുകാർ നിലനിർത്തികൊണ്ടു വരുന്നു. പൌരസ്ത്യർത്തോകളിലെ വിവിധഭാഷകൾ പോർത്തുകൊണ്ടു ദിവസത്തിലെ അത്യുത്തമത്തിനേയും ശുദ്ധോപവാസാലംബകം ആദിമക്രിസ്ത്യാനികൾക്കും വിവിധഭാഷകളിൽ സംഭാഷണം ചെയ്യുന്നതിനു വഭിച്ചു വരുന്നതിനേയും സൂചകങ്ങളാണു്.

6. 1788–ൽ മലയാളത്തിലെ ക്രിസ്ത്യാനികളുടെ അപേക്ഷയനുസരിച്ചു് നാലാം ഒന്നാംപുരാതിയർക്കീസ് ഔസേപ്പുമ്മാവെന്നും അബ്രഹാം എന്നും പേരുള്ള രണ്ടു ചണ്ഡിതവൈദികന്മാരെ മലയാളത്തിലേക്കയക്കയും രണ്ടുകൊല്ലത്തോളം അവർ ഈ രാജ്യത്തു് താമസിക്കയും ചെയ്തു. അവർ തിരിച്ചുപോയപ്പോൾ കൊടുവന്ന കൈപ്പടത്തിൽ മലയാളത്തിലെ ക്രിസ്ത്യാനികൾക്കു് ഒരു കൽദായമെത്രാനെ കിട്ടുന്നപക്ഷം ഇവിടെയുള്ള യാക്കോബായക്കാരെല്ലാവരും അവരുടെ മാർദിവന്നാസ്യോസ് മെത്രാനോടുകൂടെ തിരുസ്സഭയിലേക്കു പിൻതിരിയുന്നതിനു സന്നദ്ധരാണെന്നു് എഴുതിയിരുന്നു.

7. 1701–ൽ മലയാളത്തിലെ ക്രിസ്ത്യാനികളുടെമേൽ തിരുസിംഹാസനത്തിനു തന്നെയും അനുകമ്പയുണ്ടായി പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ അന്നത്തെ പ്രീഫക്ടായിരുന്ന ബോർജിയൊ കർദ്ദിനാൾ വഴിയായി സാൽമാസിലെ കൽദായമെത്രാനായിരുന്ന ഗ്രിഗറിയൽ എന്ന ദേഹത്തെ മലയാളത്തിലെ മെത്രാനായി അയക്കുന്നതിനു് അക്കാലത്തെ ഹോർമുസ് പാത്രിയർക്കീസിനോടാജ്ഞാപിച്ചു. പാത്രിയർക്കീസ് അപ്രകാരം ചെയ്യാമെന്നു വാഗ്ദാനം ചെയ്യുകിലും അതുപോലെ പ്രവർത്തിച്ച കാണായ്കയാൽ കർദ്ദിനാൾ ബോർജിയൊ അദ്ദേഹത്തോടു സമാധാനം ചോദിക്കയും അദ്ദേഹത്തെ കുറപ്പെടുത്തുകയും ചെയ്തു. ഈ രേഖകളെല്ലാം ഇപ്പോഴും കൽദായപാത്രിയർക്കീസന്മാരുടെ കയ്യശത്തിൽ സൂക്ഷിച്ചുവെച്ചിട്ടുണ്ടു്.

8. എന്നാൽ കൽദായരീത്തു് മലബാർരീതിയിൽ നിന്നു് ഭേദപ്പെട്ടതാണെന്നുള്ള ഒരു ന്യായം പറഞ്ഞു് കൽദായക്കാർ മലയാളത്തിലെ സുറിയാനിക്രിസ്ത്യാനികളുടെമേലുള്ള സകലാധികാരവും വേർപെടുത്തി 1803–ൽ പ്രൊപ്പഗാന്ത സംഘം ഒരു വിധി കല്പിക്കയുണ്ടായി. വിശുദ്ധ സിംഹാസനത്തിൽ നിന്നു് ഈ വിധം പ്രവർത്തിച്ചിട്ടും കൽദായ പാത്രിയർക്കീസന്മാർ മലയാളത്തിലേക്കു മെത്രാന്മാരെ അയച്ചുകൊണ്ടിരുന്നു. ഒന്നുപ്പു് ഒന്നോ

പാത്രിയർക്കീസ് തോമസ്സുറോക്കോസ് എന്ന മെത്രാനെ മലയാളത്തിലേക്കയച്ചുവെങ്കിലും റോമയിലെ ആരുംതന്നെ ആ മെത്രാൻ തിരിച്ചുപോരേ മറിവന്നു. വന്തിക്കാൻ സുറിയാനിസംഘത്തിന്റെ ശേഷം മേല്പട്ടസ്ഥാനമെത്രാനും പുറമെത്രാനും മലയാളത്തിലേക്കു പോയി എങ്കിലും റോമയിലെ കല്പനാരം അവർ തിരികെ പോരേണ്ടിവന്നു.

ഈ പ്രത ഒരുനൂറ്റാണ്ടു മുമ്പോ പാത്രിയർക്കീസിന്റെ അനുഗാമികളായി വന്ന നടന്നുവന്ന് പാത്രിയർക്കീസും, അബ്ദിശോ പാത്രിയർക്കീസും ഈ വിഷയം സംബന്ധിച്ചു വീണ്ടുചെയ്ത പ്രയത്നങ്ങളുടെ ഫലമായി 13-ാം ലെയോൻ മാർപ്പാപ്പാ ചിരിക്കുളത്തിലെ ക്രിസ്ത്യാനികളെ ഉത്തരീയ അധികാരത്തിൽ നിന്നും വേർപ്പെടുത്തുകയും പ്രദേശവാസികൾ സ്വദേശീയരായ വികാരി അപ്പോസ്തോലിക്കന്മാരെ ഏല്പിക്കുകയും ചെയ്തു. ഇപ്പോൾ വാഴുന്ന എമ്മോരുവൽ തോമസ്സു പാത്രിയർക്കീസ് ആ കാര്യപ്രാപ്തിയെ തന്നെ ഇതു സംബന്ധിച്ച തിരുമനസ്സറിയിച്ചപ്പോൾ അവർ വാദത്തിനുവേണ്ടിച്ചുള്ള പ്രാരംഭക്രിയകൾ താൻ ചെയ്യുമെന്നും ശേഷമുള്ളവ തന്റെ അനുഗാമികൾ ചെയ്യുമെന്നുമാണ് കല്പിക്കുണ്ടായതു്.

10 മലയാളത്തിൽ ഉണ്ടായിരുന്ന തങ്ങളുടെ പൂർവ്വാധികാരം തിരിച്ചു കിട്ടുന്നതിനുപ്പോരി ഇതരവർഗ്ഗക്കാർ തങ്ങളെ അധിക്ഷേപിക്കുന്നു. മലയാളത്തിലെ ക്രിസ്ത്യാനികളുടെ ഇടയിൽ ഈ വാദം സംബന്ധിച്ച ഭിന്നാഭിപ്രായങ്ങളില്ലെന്നു് അവർ കൽദായ പാത്രിയർക്കീസന്മാർക്കു് പല കാലങ്ങളിലായി അയച്ചുകൊണ്ടിരുന്ന അപേക്ഷകൾ സാക്ഷ്യം വഹിക്കുന്നു.

11 പാത്രിയർക്കീസുമായുള്ള പുനരൈക്യം മൂലം മലയാളത്തിലെ ഇപ്പോഴത്തെ വികാരി അപ്പോസ്തോലിക്കന്മാരുടെ സ്വാതന്ത്ര്യത്തിനു ഭംഗം നേരിടുവാൻ പാടുള്ളതിനാൽ അവർ അതിനു അനുകൂലികളായിരിക്കയില്ലെന്നു നാം നിനയ്ക്കാം. എന്നാൽ അവരുടെ സ്വാതന്ത്ര്യത്തിനു ഭംഗം വരുത്തണമെന്നു് തങ്ങൾക്കു ഉദ്ദേശമില്ല. എന്നു തന്നെയല്ല മലയാളത്തിലെ യാക്കോബായ സഭയുടെയും നെസ്റ്റോറീസ് സഭയുടെയും ഉത്ഭവകാരണം ബാബേൽ പാത്രിയർക്കീസിന്റെ ഭരണം നിന്നുപോയതാണെന്നുള്ളതു് വിസ്മരിച്ചുകൂടാത്ത ഒരു സംഗതിയാണു്.

12 ബാബേൽ മെത്രാന്മാരെ ലഭിക്കുന്നതിനു മലയാളത്തിലെ ക്രിസ്ത്യാനികൾ നിരന്തരം പരിശ്രമിച്ചതു് അവർ കൽദായയഹൂദന്മാരാണെന്നുള്ള ഏകകാരണത്താൽ മാത്രമല്ല. കൽദായ ദേശത്തുനിന്നുള്ള അവരുടെ ഉത്ഭവം കൊണ്ടുകൂടെയുമാണു്. മലയാളത്തിലെ ക്രിസ്ത്യാനികൾ പൂർവ്വകാലത്തിൽ ബാബേലിൽനിന്നു കുടിയേറിപാർത്തവരാണെന്നുള്ളതു് ഒരു വെറും കെട്ടുകഥയല്ല. ജെസ്യൂട്ടീത്തു സഭാംഗങ്ങളിൽ ഒരാളായ ജെറോളമോ എന്ന ചരിത്രകാരൻ 1610-ൽ അങ്കമാലിയിൽ വെച്ചെഴുതിയ ഒരെഴുത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു:—"ചില സ്ഥലങ്ങളിലായി മലബാറിൽ വസിക്കുന്ന അസംഖ്യം റോമാക്രിസ്ത്യാനികൾ അപ്പോസ്തോലന്മാരുടെ കാലം മുതല്ക്കുതന്നെ ക്രിസ്ത്യാനികളാണു്. അവർ ഈ ദേശവാസികളല്ല. പിന്നെയോ പരദേശങ്ങളിൽനിന്നു് കൂട്ടമായി കുടിയേറിപാർത്തവരാണു്. അവർ പോർത്തുഗീസുകാരുടെ പ്രവേശംവരെ ബാബേലധികാരത്തിനു കീഴ്പെട്ടിരിക്കയും 1599 വരെ ബാബേൽ മെത്രാന്മാരാൽ ഭരിക്കപ്പെടുകയും ചെയ്തിരുന്നു"

13 മലയാളത്തിലെ ക്രിസ്ത്യാനികളുടെ ഇടയിൽ പ്രസ്തുതവാദം സംബന്ധിച്ചുള്ള ബഹളം ഇതുവരെ ക്ഷയിച്ചിട്ടില്ല എന്നു് ഈ അടുത്ത കാലത്തു് പോലും കത്തോലിക്ക പാത്രിയർക്കീസിൽ നിന്നു് ഒരു മെത്രാനെ കിട്ടാതെ വന്നതിനാൽ നെസ്റ്റോറിയൻ പാത്രിയർക്കീസിനോടു ഒരാളെ ആവശ്യപ്പെടുകയും അദ്ദേഹം തിമോത്തിയോസു എന്നപേരായ ഒരുമെത്രാനെ അഭിഷേകം ചെയ്തയക്കയും ചെയ്തു എന്നുള്ളതിൽനിന്നു് പ്രത്യക്ഷമാകുന്നു.

14 അതിനാൽ മലബാർവാദം കത്തോലിക്കരെ മാത്രമല്ല, യാക്കോബായക്കാരേയും നെസ്റ്റോറീസുകാരേയും ഉദ്ദേശിച്ചുള്ളതാണു്. ബാബേലും മലയാ-

ളവും തമ്മിലുണ്ടായിരുന്ന ബന്ധം വീണ്ടും സ്ഥാപിക്കുന്നതായാൽ എല്ലാ സുറിയാനിവഗ്ഗങ്ങളും സത്യതാരയായിക്കളയിത്തീരുവാൻ ഇടയുണ്ട്.

15 കൽദായയിലെ മെത്രാപ്പോലീത്തമാരെല്ലാവരും ബാബേൽ പീഠാധിപതിയ്ക്കു കീഴ്പ്പെട്ടിരിക്കുന്നതു പോലെയും, പൌരസ്ത്യമെത്രാന്മാർ അന്ത്യോഖ്യരുടെ പാത്രിയർക്കീസുമാരെ ആശ്രയിച്ചിരിക്കുന്നതുപോലേയും മലയാളത്തിൽ നിയമിക്കപ്പെടുന്ന മെത്രാപ്പോലീത്ത ബാബേലധികാരത്തിനു കീഴ്പ്പെട്ടവനായിരിക്കണമെന്നല്ലാതെ മറ്റൊരു ഭേദവും ചെയ്യണമെന്നവർ പറഞ്ഞില്ല.

ഈ പുനർവിചാരപ്രാർത്ഥനയിലടങ്ങിയ സംഗതികളെപ്പറ്റി എല്ലാ ശ്രേഷ്ഠന്മാരും നിഷ്പക്ഷപാതമായി ആലോചിക്കുന്നതായാൽ ആ പ്രാർത്ഥനയിലെ കൽപ്പനകൾക്കു അത്യന്തം ബലമുണ്ടെന്നു ബോധപ്പെടാതിരിക്കയില്ല. മലയാളത്തിലുള്ള കൽദായ രീതിയിൽനിന്നു ഭേദപ്പെട്ടതാണെന്നു പറഞ്ഞു 1803-ൽ അവയെ തമ്മിൽ വേർപെടുത്തിയതിനുള്ള ന്യായം ഒരിക്കലും സ്ഥിരപ്പെടുത്തുവാൻ കഴിയുന്നതല്ല. എന്തുകൊണ്ടെന്നാൽ മലബാർ രീതിയെന്നു പറയുന്ന മിശ്രസമ്പ്രദായം ഉണ്ടാക്കിയതിനു ഉത്തരവാദികൾ ആർ? അതിന്റെ ആവശ്യകതയെ അധികൃതന്മാർ സ്ഥിരീകരിക്കാതിരിക്കയോ നിരസിക്കയോ ചെയ്യുന്ന കാലത്തോളം മേൽപറഞ്ഞ വേർതിരിവിനുള്ള ന്യായം സാധൂകരിക്കപ്പെടുന്നതെങ്ങനെ?

മലയാളത്തിൽ ഭിന്നവഗ്ഗക്കാരായ അനേക ക്രിസ്ത്യാനിമതക്കാരുടെ ഉത്ഭവകാരണം ചരിത്രദൃഷ്ട്യാ നോക്കുന്നതായാൽ കൽദായ പാത്രിയർക്കീസുമാരുമായുണ്ടായിരുന്ന പൂർവ്വകാലം മുതല്ക്കുള്ള ബന്ധത്തെ പോർത്തുഗീസുകാർ ബലാല്ക്കാരേണ ഖണ്ഡിച്ചുതാണെന്നു സ്പഷ്ടമാകുന്നുണ്ട്. എങ്കിലും ഇപ്പോൾ ആലോചിക്കുവാനുള്ളതു കൽദായപാത്രിയർക്കീസിന്റെയും അദ്ദേഹത്തിന്റെ മെത്രാന്മാരുടേയും അപേക്ഷപ്രകാരം വർത്തിക്കുന്നതു ഈ കാലാവസ്ഥക്കു ഉചിതമോ അനുചിതമോ എന്നുള്ളതാണ്. ഇതു അത്യന്തം മഹത്തായ ഒരു ചോദ്യമാകയാൽ അതിനൊരുത്തരം പറവാനുള്ള ദാർഷ്ട്യം ഇവിടെ ആർക്കുണ്ടാകുമെന്നുതോന്നുന്നില്ല. സഭയുടെ പൂജ്യപാദന്മാരായ അധികൃതന്മാർ ആലോചിച്ചു തീർപ്പുചെയ്യേണ്ടുന്ന ഒരു സംഗതിയാണിതു. സ്വദേശിയരായ വികാരി അപ്പോസ്തോലിക്കന്മാരുടെ സ്വാതന്ത്ര്യത്തിനു ലേശമെങ്കിലും ഭംഗം ചെയ്യണമെന്നു ബാബേലിലെ അപേക്ഷകന്മാർക്കു ഉദ്ദേശമില്ലെന്നു അപ്പീൽകൊണ്ടു തെളിയുന്നു. കൽദായക്കാരായ പട്ടക്കാരും സന്ന്യാസികളും മറ്റും ഈ രാജ്യത്തു വന്നു നമ്മുടെ വികാരി അപ്പോസ്തോലിക്കന്മാരുടെ കീഴിൽ ഇരുന്നു മതസംബന്ധമായ നാനാപ്രവർത്തികൾ ചെയ്യുന്നതിനനുവദിക്കുന്നതു ഇപ്പോഴത്തെ സ്ഥിതിക്കു വിരോധനീയമാകയില്ലെന്നു തോന്നുന്നു. അങ്ങനെ ഒരു സമ്പ്രദായം നടപ്പിൽ വരുത്തുന്നതു പല വിധത്തിലും പുനരൈക്യസിദ്ധിക്കുള്ള ഒരു മാർഗ്ഗമാകുന്നതാണു. യഥാർത്ഥ കൽദായ സുറിയാനിക്കാരായ ഏതാനും വൈദികന്മാരുടെ സാന്നിദ്ധ്യം നമ്മുടെ ജനങ്ങളുടെ ഇടയിൽ തന്നെയല്ല ഇതര വർഗ്ഗക്കാരായ സുറിയാനിക്കാരുടെ ഇടയിലും പൂർവ്വചരിത്രത്തെ സ്മരിപ്പിക്കയും പൂർവ്വസ്മരണകളെ ഉജ്ജീവിപ്പിക്കയും ചെയ്യുമെന്നുള്ളതിനു സംശയമില്ല. ഭരണാധികാരം നമ്മുടെ മെത്രാന്മാരിലിരിക്കുന്നതിനാൽ ദുഷ്കൃതങ്ങൾക്കു വഴിയില്ലതാനും. യൂറോപ്പ് അമേരിക്കാ എന്നീ പാശ്ചാത്യരാജ്യങ്ങളിലെ ലത്തീൻക്രമക്കാരായ വൈദികന്മാർ ഇൻഡ്യയിൽ വന്നു ഇവിടെയുള്ള വൈദികാധ്യക്ഷന്മാരുടെ കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അവസ്ഥ ആലോചിച്ചാൽ അതുപോലെ തന്നെയുള്ള ഒരു സമ്പ്രദായം സുറിയാനിക്കാരെ സംബന്ധിച്ചും ആരംഭിച്ചുകൂടെ? ഉർബാൻ സെമിനാരിയിൽ അധ്യയനം ചെയ്തു വ്യുൽപന്നന്മാരായ അനേക കൽദായ വൈദികന്മാരുണ്ടായിരിക്കണം.

വിവിധവിഷയങ്ങൾ.

ഒരു സരസകവിയും ഫലിതരസികനും ഒരു നല്ല ഗദ്യകാരനുമെന്ന നിലയിൽ കേരളീയർക്കു പരിചിതനായിരുന്ന ഇടവനാട്ടു കെ. സി. നാരായണൻ നമ്പ്യാർ അവർകൾ ഈയിടെ സ്വപ്നദേശത്തുവെച്ചു ചരമംപ്രാപിച്ച വിവരമറിഞ്ഞു ഞങ്ങൾ അത്യന്തം വ്യസനിക്കുന്നു.

കോട്ടയം മാസികതാമസിയാതെ 'കോട്ടയം താരക' എന്ന പേരിൽ ഒരു പ്രതിവാരപത്രികയായി പ്രസിദ്ധപ്പെടുത്തുന്നതിനുവേണ്ട നടപടികൾ നടന്നുവരുന്നു. ബോംബെ എക്സാമിനർ, കാതലിക്ലീഡർ മുതലായ പത്രികകളുടെ ആകൃതിയും പ്രകൃതിയും അനുസരിച്ചാണ് ഇതു നടത്തുന്നതിനു് ഉദ്ദേശിച്ചിരിക്കുന്നതു്. ഇതേസ്സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അടുത്ത മാസികയിലും പ്രത്യേക നോട്ടീസുമൂലവും ഞങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതാണ്.

കോട്ടയം വികാരി അപ്പസ്തോലിക്കാ ഡോക്ടർ അലക്സാണ്ടർ പൂളപ്പറമ്പിൽ അവർകൾ മാപ്പാട്ടുപ്പാതിരുമനസ്സിലെ സന്ദർശിക്കുന്നതിനും മറുമായി കഴിഞ്ഞ ഏപ്രിൽ 29-ാംനു- ശനിയാഴ്ച ഇവിടെനിന്നു റോമയിലേക്കു യാത്രതിരിക്കയും വഴിക്കു വരാപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ സ്ഥലങ്ങളിലെ വൈദികമേലദ്ധ്യക്ഷന്മാരെ സന്ദർശിച്ചശേഷം ബാങ്കളൂരിൽ എത്തി ഡെലിഗേറ്റ് അപ്പസ്തോലിക്കാ അവർകളെ സന്ദർശിക്കയും അവിടെനിന്നു ബോംബയിലെത്തി ഈ മെയ് 6-ാംനു- ശനിയാഴ്ച റോമയിലേക്കു കപ്പൽ കയറുകയും ചെയ്തിരിക്കുന്നു. റോമിൽവെച്ചു് ഈ മാസം 24-ാംനു- ദിവ്യകാരുണ്യമഹായോഗവും അനന്തരം പ്രൊപ്പഗാന്തസംഘത്തിന്റെ മൂന്നാം ശതവർഷയോഗവും നടക്കുന്നതായതുകൊണ്ടു് ഈ യോഗങ്ങളിലൊക്കയും സംബന്ധിക്കുന്നതിനും, ഇതു പ്രമാണിച്ചു ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും വന്നുകൂടുന്ന അനേകം മാന്യന്മാരുമായി പരിചയപ്പെടുന്നതിനും ബിഷപ്പ് അവർകൾക്കു സാധിക്കുന്നതാണ്.

മിസ്റ്റർ സി. അന്തപ്പായി ബി. ഏ. എഴുതിയിട്ടുള്ളതും കർമ്മലകുസുമ ഗ്രന്ഥാവലിയുടെ 11-ാം നമ്പരായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമായ 'ക്രിസ്തീയ പുനരൈക്യം' എന്ന ചെറുപുസ്തകത്തിന്റെ ഒരു പ്രതി നന്ദിപൂർവ്വം കൈപ്പറ്റിയിരിക്കുന്നു. ഇതിൽ ലോകത്തിലെ, പ്രത്യേകിച്ചു മലബാറിലെ പ്രധാനശാഖക്കാരായ ക്രിസ്ത്യാനികളുടെ സംക്ഷേപ ചരിത്രം, യൂണിയൻ കോളജിനെ അടിസ്ഥാനപ്പെടുത്തിയുള്ള പുനരൈക്യാലോചനയുടെ പരിണാമം, ശാശ്വതമായ പുനരൈക്യത്തിനുള്ള മാർഗ്ഗം ഇങ്ങനെയുള്ള പല സംഗതികളെപ്പറ്റി സംക്ഷേപമായിട്ടെങ്കിലും എത്രയും വിശദമായവിധത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഓരോ ഉദ്ദേശസാദ്ധ്യത്തിനായി ഓരോ കാലങ്ങളിൽ ഓരോരുത്തർ എഴുതിയിട്ടുള്ള ഭിന്നാഭിപ്രായത്തോടുകൂടിയ ചരിത്രപുസ്തകങ്ങളുടെ പ്രചാരമാണ് മലബാർക്രിസ്ത്യാനികളെ അവരുടെ ഇപ്പോഴത്തെ നിലയിൽ ആക്കിത്തീർക്കുന്നതിനു് പ്രധാനമായി സഹായിച്ചിട്ടുള്ളത്. ഓരോരുത്തരും സ്വാർത്ഥം വെടിഞ്ഞു അവരുടെ പൂർവ്വികതത്വത്തെപ്പറ്റി നിഷ്പക്ഷമായി ചിന്തിക്കേണ്ടതും ആരാഞ്ഞറിയേണ്ടതുമായ അവസരം ഈ പുനരൈക്യാലോചനയുടെ കാലമാണല്ലൊ. നിഷ്പക്ഷമായ നിലയിൽ മിസ്റ്റർ അന്തപ്പായി എഴുതിയിട്ടുള്ള ഈ പുസ്തകം ഐക്യാനുകൂലികൾക്കെന്നല്ല, എല്ലാവർക്കും വളരെ ഉപകാരപ്രദവും, തങ്ങളുടെ പൂർവികസ്ഥിതിയെ മനസ്സിലാക്കുന്നതിനു പര്യാപ്തവുമായിട്ടുള്ളതാണെന്നുള്ളതിനു സംശയമില്ല. ഇപ്രകാരമുള്ള വിശിഷ്ടമായ പ്രസിദ്ധീകരണങ്ങൾകൊണ്ടു മലബാർ ക്രിസ്ത്യാനികൾക്കു പല നന്മകളെ പ്രദാനം ചെയ്തുകൊണ്ടിരിക്കുന്ന കർമ്മലകുസുമഭാരവാഹികളെ ഞങ്ങൾ ഹാർദ്ദമായി അഭിനന്ദിച്ചുകൊള്ളുന്നു.

Registered No. M. 1481. Registered No. T. 19

കത്തോലിക്കാ

തത്വമാഹാത്മ്യം.



കത്തോലിക്കാ മതതത്വങ്ങളിൽ കൂടുതൽ പാണ്ഡിത്യം സിദ്ധിക്കണമെന്നാഗ്രഹമുള്ളവർക്കും കത്തോലിക്കാസഭയേപ്പറ്റി തെറ്റിദ്ധാരണയുള്ളവർക്കും ഈ പുസ്തകപാരായണംമൂലം അനേകം ഗുണങ്ങൾ സിദ്ധിക്കുന്നതാണ്.

200–ൽപ്പരം പുറങ്ങളുള്ള ഈ പുതിയ പുസ്തകത്തിന്റെ വില ഒരു രൂപാ നാലണ മാത്രം. ഒരുഡസനിൽ കൂടുതൽ എടുക്കുന്നവർക്ക് പ്രത്യേകനിരക്ക് അനുവദിക്കുന്നതാണ്.

കുറച്ചു പ്രതികൾ മാത്രമേ അടിച്ചിട്ടുള്ളൂ. ഉടനെ അപേക്ഷിക്കാത്തപക്ഷം പിന്നീടു് ഇപ്രാഭംഗത്തിനു ഉപയോഗിക്കുവാൻ കഴിയുന്നതാണ്.

മേൽവിലാസം { 1. പി. കെ. സെബാസ്റ്റ്യൻ—കുറവിലങ്ങാട്.
2. മാനേജർ, കത്തോലിക്കാമിഷ്യൻപ്രസ്സ്—കോട്ടയം.

സൌഖ്യമായ ഉല്പാദനശക്തിയെയും ശുദ്ധിയായ മാതൃത്വ[illegible]യ സന്താനലാഭത്തെയും യാതൊരു കഷ്ടാരിഷ്ടതകൾ കൂടാതെ നൽകുന്നതിനുവേണ്ടി [illegible]ധിയുള്ളവരായ ഇംഗ്ലീഷ് ഡാക്ടറന്മാരാലും നാട്ടുവൈദ്യന്മാരാലും മറ്റു മഹാന്മാരാലും [illegible] അനുഭവിക്കപ്പെട്ടിരിക്കുന്നതും പ്രയോഗത്തിൽ അത്യാനന്ദപ്രദം പ്രധാനം ചെയ്യുന്നതുമായ

ഏബ്രഹാം വൈദ്യന്റെ

ഗർഭരക്ഷാഗുളികകൾ.

ഈ ഗുളികകൾ ഗർഭിണികൾക്കുണ്ടാകുന്നതായ വിധ അസ്വാസ്ഥ്യങ്ങൾക്കും സുഖകരമായ പ്രസവത്തിനും ശിരോവേദന്റെ ആരോഗ്യരക്ഷയ്ക്കും ഒരു അനുഗ്രഹമായിത്തീർന്നിരിക്കുന്നു.

ഛർദ്ദിക്കുപരിപാലനത്തിന് ഇനിയും ശക്തിയാകുമോ? മാതൃത്വം വഹിക്കുന്നതിനു താൻ യോഗ്യയാണോ? ഒരു ഉത്തമസന്താനലാഭം ഇനിയും സിദ്ധിക്കുമോ? അതിന്റെ ആനന്ദം കുടുംബത്തിൽ കൂടാതെ ഇനിയും കാണുമോ?

എന്നിങ്ങനെ സദാ ചോദിച്ചും വിചാരപ്പെട്ടും സമയം പോക്കുടിക്കുന്ന മഹതീമണികൾക്കുമായ ചികിത്സോപദേശത്തെ അവലംബിക്കുമെന്നു ധൈര്യപ്പെടുക. പ്രധാനങ്ങളായ അന്യകാര്യങ്ങളെക്കൊണ്ടു സ്വസ്ഥവ്യാപാരങ്ങളെ ക്രമാക്രമം നടത്തിപ്പാൻ പ്രകൃതിയെ സഹായിക്കുന്നതിനായി ഏബ്രഹാം വൈദ്യന്റെ ഗർഭരക്ഷാഗുളിക പലരേയും ആശ്വാസപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

ഇതിന്റെ പ്രത്യക്ഷഫലങ്ങളാലും വിറവിനാലും വ്യാജനിർമ്മിതങ്ങളായ ഗുളികകൾ കൂടി ഉണ്ടാക്കിയിട്ടുള്ളതിനാൽ പൂർണ്ണഫലം സിദ്ധിക്കണമെന്നുള്ളവർ ഏബ്രഹാം വൈദ്യന്റെ ഗർഭരക്ഷാഗുളിക എന്ന പേരും രൂപവും പടവും കുപ്പിയുടെ നോക്കി വാങ്ങിക്കണം. ആലപ്പുഴെ വാങ്ങുന്നവർ കടപ്പുറത്തെ കൃത്രിമവിജ്ഞാപനങ്ങൾ കണ്ടു കുടുങ്ങാതെ ആലപ്പുഴെ കല്ലുപാലത്തിന്റെ വടക്കുള്ള തെക്കുകൊട്ടാരപ്പാലത്തിനു പടിഞ്ഞാറുവശമുള്ള ബംഗ്ലാവിലെ എന്റെ ഡിസ്പെൻസറിയിൽ വരണം.

ഒരു മാസത്തെ ഗുളിക ക. 1½. ആറു മാസത്തെ ക. 8.

"മിസ്റ്റർ ഏബ്രഹാം വൈദ്യന്റെ ഗർഭരക്ഷാഗുളികയുടെ അത്ഭുതകരമായ ഫലപ്രാപ്തിയിൽ അഭിനന്ദിച്ചുകൊണ്ടു ഡാക്ടറന്മാർ, നാട്ടുവൈദ്യന്മാർ, വൈദികന്മാർ, തന്നുരാക്കന്മാർ, ലേഡി ഡാക്ടറന്മാർ തുടങ്ങിയായി അനുഭവസ്ഥരായ അനവധി മാന്യന്മാരുടെയും മഹതികളുടെയും ഒട്ടുവളരെ ഇംഗ്ലീഷു മലയാള പത്രങ്ങളുടെയും പ്രശംസയ്ക്കു പാത്രീഭവിച്ചിരിക്കുന്നു. "മലയാളമനോരമ."

വൈദ്യൻ ഈ. ഡബ്ള്യു ഏബ്രഹാം, മെഡിക്കൽഹാൾ,
കൊട്ടാരപ്പാലത്തിനു സമീപം, ആലപ്പുഴ.